# വ്യാപാരകേരളം

സമ്പൂർണ മാസികയും വാർത്താ പത്രികയും

ലക്കം 9 | പേജുകൾ 26 | ഡിസംബർ 2019




മുഖചിത്രം : രഞ്ജു രഞ്ജിമാർ, മാനേജിംഗ് ഡയറക്ടർ
ഡോറ ബ്യൂട്ടി വേൾഡ് മൾട്ടിനാഷണൽ മേക്കപ്പ് സ്റ്റുഡിയോ

# എഡിറ്റേഴ്സ് പേജ്

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**



ജനാധിപത്യ മര്യാദകളും കീഴ്‌വഴക്കങ്ങളും മാനിക്കപ്പെടേണ്ടതല്ലെന്ന് വിശ്വസിക്കുകയും അതനുസരിച്ച് ധാർഷ്ട്യപ്രവൃത്തികൾ നടത്തുകയും ചെയ്യുന്ന ഭരണാധികാരികൾക്ക് മുഖത്തേറ്റ കനത്ത പ്രഹരമാണ് മഹാരാഷ്ട്രയിൽ സംഭവിച്ചത്.

രണ്ടോ മൂന്നോ പേർ ചേർന്ന് ഒരു മഹാരാജ്യത്തിന്റെ ഭരണനയം, വേണ്ടത്ര ആലോചനകളില്ലാതെ നടപ്പാക്കിയതിന്റെ ദുരന്തഫലങ്ങൾ നാം മുമ്പും അനുഭവിച്ചതാണ്. മൃഗീയ ഭൂരിപക്ഷത്തിന്റെ പേരിൽ അതേ നടപടികൾ തുടരുന്ന കേന്ദ്ര ഭരണാധികാരികൾക്കേറ്റ നിയതിയുടെ പ്രഹരം, പുതിയ വിചിന്തനങ്ങൾക്ക് അവരെ പ്രേരിപ്പിക്കുമോ എന്നാണ് ഇനി അറിയേണ്ടത്. ഇതേക്കുറിച്ചൊരു വിശകലനം പുതിയ ലക്കം മാസികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രശസ്ത പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസാണ് ലേഖനം തയാറാക്കിയിട്ടുള്ളത്.

ഇന്ത്യൻ സംഗീത രംഗത്തെ വിസ്മയമായ സുനിധി ചൗഹാന്റെ സംഗീതജീവിതമാണ് 'റിഥം ഓഫ് ലൈഫി'ലെ പ്രതിപാദ്യം. തേജശ്രീയുടേതാണ് രചന. കമ്പനി ഡയറക്ടർമാർക്കിത് പരീക്ഷാകാലമാണെന്ന രാജേഷ്കുമാർ കെ. പിള്ളയുടെ ലേഖനം, കാരൂർ സോമന്റെ കൊളോസിയം യാത്രാവിവരണം, പതിവു പംക്തികളായ പുസ്തകപരിചയം, മൈതാനം, സിനിമ, എഴുത്തും കുത്തും തുടങ്ങിയവ ഈ ലക്കത്തിന് കരുത്ത് പകരുന്നവയാണ്.

'ഇരിക്കപിണ്ഡം കഥപറയുന്നു' എന്ന പുസ്തകത്തിന്റെ ആസ്വാദനം പ്രൊഫ. എം.ഹരിദാസ് ഈ ലക്കത്തിൽ നിർവഹിച്ചിട്ടുണ്ട്. 'ആപത്ത് വരുന്നുണ്ട്' എന്ന പുസ്തകത്തെ ടി.ടി.പ്രഭാകരൻ വിലയിരുത്തിയതും വായിക്കാം.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ

## അറിയിപ്പ്

വ്യാപാരകേരളം.കോം സമ്പൂർണ മാസികയായും വാർത്താപത്രികയായും പരിഷ്കരിച്ചിരിക്കുന്നു. എല്ലാ ഒന്നാം തീയതികളിലും മാസിക പ്രസിദ്ധീകരിക്കും. അതത് ദിവസത്തെ വാർത്തകൾ 'കാപ്സ്യൂൾ' രൂപത്തിൽ **'News'** വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ പ്രഭാതങ്ങളിൽ വാർത്തകൾ സമഗ്രമായി, ചുരുങ്ങിയ സമയംകൊണ്ട് വായിച്ചറിയുവാൻ ഇതുപകരിക്കും.

https://www.vyaparakeralam.com/news.html

# നാം വിഡ്ഢികൾ!






ഫ്രാങ്കോ ലൂയിസ്

'നാം വിഡ്ഢികൾ.' ഇക്കഴിഞ്ഞ 24നു ദ ടെലഗ്രാഫ് പത്രത്തിന്റെ മുഖ്യവാർത്തയുടെ തലക്കെട്ട് അങ്ങനെയായിരുന്നു. 'വി ദ ഇഡിയട്ട്സ്' 'പൊതുജനം കഴുതകൾ' എന്ന നമ്മുടെ പഴമൊഴിതന്നെ. മഹാരാഷ്ട്രയിൽ ഭരണം പിടിക്കാനുള്ള മലക്കം മറിച്ചിലുകളും അട്ടിമറികളും വിഡ്ഢിവേഷം കെട്ടിച്ച നടപടികളുമെല്ലാം കണ്ട് ലോകമെങ്ങുമുള്ള ജനം അമ്പരന്നുപോയി.

ലോകത്തെ അമ്പരപ്പിച്ചും ജനങ്ങളെ കഴുതകളാക്കിയും പ്രധാനമന്ത്രിയും രാഷ്ട്രപതിയും അടക്കമുള്ള രാഷ്ട്രീയ നേതാക്കൾ നടിച്ച അന്തർനാടകങ്ങളുടെ അണിയറ വിശേഷങ്ങൾ ഉദ്വേഗജനകമാണ്. ജനാധിപത്യത്തിനു ഭീഷണിയുമാണ്. ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് അറിയപ്പെടുന്ന ഇന്ത്യക്ക് ഇനിയെത്രകാലം ആ പദവിയുണ്ടാകുമെന്നു ശങ്കിക്കാവുന്ന നിലയിലേക്കു കാര്യങ്ങൾ എത്തി.

മഹാരാഷ്ട്രയ്ക്കു മുമ്പേ, ഗോവയിലും കർണാടകത്തിലും ആന്ധ്രയിലുമെല്ലാം നാമതു കണ്ടതാണ്. അഴിമതിക്കാരായ രാഷ്ട്രീയക്കാരെ സിബിഐ , എൻഫോഴ്സ്മെന്റ് എന്നീ സർക്കാർ സന്നാഹങ്ങളും ഭരണഘടനാ സ്ഥാപനങ്ങളും ഉപയോഗിച്ചു വേട്ടയാടി വരുതിയിലാക്കുന്നതാണ് ഇപ്പോഴത്തെ രീതി.

## മങ്ങുന്ന കാവി

ഇന്ത്യയിൽ ബിജെപിയുടെ കാവിക്കൊടിയുടെ നിറം മങ്ങുകയാണ്. മഹാരാഷ്ട്രയിൽ ശിവസേനയുടെ നേതൃത്വത്തിലുള്ള സർക്കാർ വന്നതോടെ ബിജെപി ഭരണം ഇന്ത്യയുടെ 40 ശതമാനം ജനസംഖ്യയുടെ സംസ്ഥാനങ്ങളിലായി ഒതുങ്ങി. 60 ശതമാനം മേഖലയിലും ഭരണം ബിജെപി ഇതര പാർട്ടികൾക്കായി. ബിജെപിക്ക് പങ്കാളിത്തമുള്ള സർക്കാരുകളുടെ എണ്ണം പതിനാറായി കുറഞ്ഞു. ബിജെപി ഭരണം പ്രധാനമായും ആറു വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലാണ്. ഉത്തർപ്രദേശും ബിഹാറും കർണാടകയും ഗുജറാത്തുമാണ് ബിജെപിയുടെ കീഴിലുള്ള വലിയ സംസ്ഥാനങ്ങൾ. ഇതിൽ കർണാടകക്കാര്യത്തിൽ ഈ മാസം തീരുമാനമാകും. ബിജെപിയിലേക്കു കൂറുമാറിയതിന് അയോഗ്യരാക്കപ്പെട്ട എംഎൽഎമാരുടെ 15 മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പിനു ത്രികോണ മൽസരമാണ്. ആറു സീറ്റിൽ ബിജെപിക്കു ജയിക്കാനായില്ലെങ്കിൽ കർണാടകത്തിലെ ബിജെപിയുടെ യെദിയൂരപ്പ സർക്കാരിനു ഭൂരിപക്ഷമില്ലാതെ രാജിവയ്ക്കേണ്ടിവരും.

2017-ൽ 71 ശതമാനം ജനസംഖ്യയുൾപ്പെടുന്ന സംസ്ഥാനങ്ങൾ ബിജെപിക്കു കീഴിലായിരുന്നു. ഇതാണ് രണ്ടു വർഷംകൊണ്ട് 40 ശതമാനത്തിലേക്കു കുറഞ്ഞത്. കഴിഞ്ഞ ഒക്ടോബറിൽ കോൺഗ്രസ് മൂന്നു സംസ്ഥാനങ്ങൾ പിടിച്ചു. മഹാരാഷ്ട്രയ്ക്കൊപ്പം മധ്യപ്രദേശ്, രാജസ്ഥാൻ, തമിഴ്നാട്, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ് തുടങ്ങിയ കൂടുതൽ വലിയ സംസ്ഥാനങ്ങൾ ബിജെപി ഇതര പക്ഷത്തായി.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം കുറയുന്നത് ഭരണഘടന പൊളിച്ചെഴുതാനുള്ള ബിജെപിയുടെ മോഹത്തിനു നിറംകെടുത്തും. രാജ്യസഭയിൽ ഭൂരിപക്ഷം നേടാമെന്ന പ്രതീക്ഷയ്ക്കും മങ്ങലേൽക്കും. ഉടനേ തെരഞ്ഞെടുപ്പു നടക്കുന്ന ജാർഖണ്ഡ്, അടുത്ത വർഷം നടക്കുന്ന ഡൽഹി, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകളും നിർണായകമാകും.

## ചാണക്യതന്ത്രം

ഇരയിട്ടു മീൻ പിടിക്കുന്ന ലളിതമായ തന്ത്രമല്ല ഇപ്പോൾ രാജ്യം ഭരിക്കുന്ന പാർട്ടിയുടെ നേതാക്കൾ പയറ്റുന്നത്. വരുതിക്കു നിന്നില്ലെങ്കിൽ ജീവിതകാലം മുഴുവൻ വിലങ്ങും ജയിലും സ്വത്തു കണ്ടുകെട്ടലും അനുഭവിക്കേണ്ടിവരും. കൂറുമാറ്റിച്ച് ഭരണം അട്ടിമറിക്കാനും പിടിച്ചെടുക്കാനുമെല്ലാം എന്തും ചെയ്യാം. സമകാലീന സംഭവങ്ങളിലെല്ലാം നാം കണ്ടത് അതാണ്.

ഗോവയിൽ ഘടകകക്ഷിയെ പുറത്താക്കി, കോൺഗ്രസിന്റെ എല്ലാ എംഎൽഎമാരേയും കൂട്ടത്തോടെ കൂറുമാറ്റിച്ചു ബിജെപി അംഗങ്ങളാക്കിയാണു ഭരണം നിലനിർത്തിയത്. കർണാടകത്തിൽ കോൺഗ്രസിന്റേയും ജനതാദളിന്റേയും 17 എംഎൽഎമാരെ കൂറുമാറ്റിച്ച് ജനതാദൾ- കോൺഗ്രസ് സർക്കാരിന്റെ കഥകഴിച്ചാണ് അധികാരത്തിലെത്തിയത്. ആന്ധ്രയിൽ വ്യവസായികളായ തെലുങ്കുദേശം എംപിമാരെ കൂട്ടത്തോടെ ബിജെപിയിലെത്തിച്ചു. മഹാരാഷ്ട്രയിൽ 70,000 കോടി രൂപയുടെ അഴിമതിക്കേസുകളുള്ള എൻസിപി നേതാവ് അജിത് പവാറിനെ വരുതിയിലാക്കി ബിജെപി ഭരണം പിടിക്കാൻ ശ്രമിച്ചു. പ്രത്യുപകാരമായി തെളിവില്ലെന്ന് എഴുതിക്കൊടുത്ത് അഴിമതിക്കേസുകളെല്ലാം പിൻവലിച്ചു. എല്ലായിടത്തും സിബിഐയേയും എൻഫോഴ്സ്മെന്റിനേയും ആദായനികുതി വകുപ്പിനേയുമെല്ലാം വേട്ടനായ്ക്കളേപ്പോലെ ഉപയോഗിച്ചാണു വെട്ടിപ്പിടിക്കലുകളും കുതിരക്കച്ചടവുമെല്ലാം.

**ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം കുറയുന്നത് ഭരണഘടന പൊളിച്ചെഴുതാനുള്ള ബിജെപിയുടെ മോഹത്തിനു നിറംകെടുത്തും. രാജ്യസഭയിൽ ഭൂരിപക്ഷം നേടാമെന്ന പ്രതീക്ഷയ്ക്കും മങ്ങലേൽക്കും. ഉടനേ തെരഞ്ഞെടുപ്പു നടക്കുന്ന ജാർഖണ്ഡ്, അടുത്ത വർഷം നടക്കുന്ന ഡൽഹി, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പുകളും നിർണായകമാകും.**

## രാത്രിയിലെ അട്ടിമറി

മഹാരാഷ്ട്രയിൽ ശിവസേന - എൻസിപി - കോൺഗ്രസ് സഖ്യം സർക്കാർ രൂപീകരിക്കാൻ അവകാശവാദവുമായി ഗവർണറെ സമീപിക്കാനിരുന്ന പുലർച്ചെ അഞ്ചേമുക്കാലിന് രാഷ്ട്രപതി ഭരണം പിൻവലിച്ചതു മുതലാണ് പ്രത്യക്ഷത്തിലുള്ള രാഷ്ട്രീയ അട്ടിമറികൾ നാം കണ്ടത്. എന്നാൽ അതിനു മുമ്പേ ചില അടിവലികൾ നടന്നു. രണ്ടര വർഷം മുഖ്യമന്ത്രിപദം ശിവസേനയ്ക്കു വേണമെന്ന് ആവശ്യം ബിജെപി തള്ളി. അതോടെ എൻസിപി, കോൺഗ്രസ് പക്ഷവുമായി ശിവസേന ചർച്ച തുടങ്ങി. മടിച്ചും ശങ്കിച്ചും തുടങ്ങിയ ചർച്ച പൊതുമിനിമം പരിപാടിയുമായി മുന്നോട്ടുപോയി. പ്രതിപക്ഷത്തിരിക്കാൻ ജനം വിധിച്ച കോൺഗ്രസും എൻസിപിയുമായി കൂട്ടുകൂടി ഭരണം പിടിക്കുന്ന ശിവസേനയെ പാഠം പഠിപ്പിക്കാനുള്ള അണിയറക്കളികൾ അങ്ങനെയാണ് ബിജെപി അതീവരഹസ്യമായി ആരംഭിച്ചത്.

എഴുപതിനായിരം കോടി രൂപയുടെ അഴിമതിക്കേസുകളിൽ പ്രതിയായ എൻസിപി നേതാവ് അജിത് പവാറിനെ ഭീഷണിപ്പെടുത്തിയും ഉപമുഖ്യമന്ത്രി സ്ഥാനം വാഗ്ദാനം ചെയ്തും വരുതിയിലാക്കിയത് ഒറ്റ രാത്രികൊണ്ടാണ്.

പുലർച്ചെ 5.47 നാണു മഹാരാഷ്ട്രയിലെ രാഷ്ട്രപതി ഭരണം പിൻവലിച്ചത്. കേന്ദ്രമന്ത്രിസഭ ചേർന്ന് ശുപാർശ ചെയ്താലേ രാഷ്ട്രപതി ഭരണം ഏർപ്പെടുത്താനോ പിൻവലിക്കാനോ കഴിയൂവെന്നാണു ഭരണഘടന അനുശാസിക്കുന്നത്. പുലർച്ചെ അഞ്ചു മണിക്ക് അങ്ങനെയൊരു മന്ത്രിസഭായോഗം ചേർന്നാലും ഇല്ലെങ്കിലും അങ്ങനെയൊരു രേഖയുണ്ടാക്കിയിട്ടുണ്ടാകാം. ഒരു മിനിറ്റുപോലും പാഴാക്കാതെ ഗവർണർ സർക്കാരുണ്ടാക്കാൻ മുൻമുഖ്യമന്ത്രിയും ബിജെപി നേതാവുമായ ഫഡ്നാവിസിനെ ക്ഷണിച്ചു. എട്ടു മണിക്ക് ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് മുഖ്യമന്ത്രിയായും എൻസിപി നേതാവ് അജിത് പവാർ ഉപമുഖ്യമന്ത്രിയായും സത്യപ്രതിജ്ഞ ചെയ്തു.

കോൺഗ്രസും എൻസിപിയും തലപുകച്ചു ചിന്തിച്ചു വരുമ്പോഴേക്കും നിമിഷനേരംകൊണ്ട് ഒരു സർക്കാരുണ്ടാക്കിയ മാജിക്. ആ മാജിക്കു കണ്ട് ലോകംതന്നെ അമ്പരന്നുപോയി.

മഹാരാഷ്ട്ര നിയമസഭയിൽ 288 അംഗങ്ങളാണുള്ളത്. കേവല ഭൂരിപക്ഷത്തിന് 145 പേരുടെ പിന്തുണ വേണം. കക്ഷിനില: ബിജെപി- 105, ശിവസേന- 56, എൻസിപി- 54, കോൺഗ്രസ്- 44, മറ്റുള്ളവർ -29.

മുഖ്യമന്ത്രി സ്ഥാനം ശിവസേനയുമായി പങ്കിടില്ലെന്നു തീരുമാനിച്ച ബിജെപി അടവു മാറ്റി. എൻസിപിയുടെ അജിത് പവാറിന് ഉപമുഖ്യമന്ത്രി സ്ഥാനവും കേസുകളിൽനിന്നു മുക്തിയും വാഗ്ദാനം ചെയ്തു വശത്താക്കി. എൻസിപിയിലെ 54 പേരിൽ മിക്കവരും തങ്ങൾക്കൊപ്പം വരുമെന്ന പ്രതീക്ഷയായിരുന്നു അവർക്ക്. അജിത് പവാറിനൊപ്പം പരസ്യമായി നിന്ന ഏഴു പേരേയും ശരത് പവാർ തിരികെപ്പിടിച്ചു.

എൻസിപിയിലും ശിവസേനയിലും ബിജെപി വലവീശിയെങ്കിലും ഏശിയില്ല. എംഎൽഎമാരെ രക്ഷിക്കാൻ റിസോർട്ടുകളിലേക്കും ഹോട്ടലുകളിലേക്കും മാറ്റി ശക്തമായ കാവൽ ഏർപ്പെടുത്തി. അതോടെ ചാക്കിടലും ഭീഷണിയും ഫലിക്കാതായി.

വിശ്വാസവോട്ടു തേടണമെന്ന സുപ്രീം കോടതി ഉത്തരവിട്ടതോടെയാണ് മഹാരാഷ്ട്രയിലെ രാഷ്ട്രീയ നാടകങ്ങൾക്ക് അന്ത്യമായത്. ഭൂരിപക്ഷം തെളിയിക്കാനവില്ലെന്ന് ഉറപ്പായിരുന്നു. നിൽക്കക്കള്ളിയില്ലാതെ ഫഡ്നാവിസ് സർക്കാർ രാജിവച്ചു. 80 മണിക്കൂർ നീണ്ട അന്തർനാടകങ്ങൾ അവസാനിച്ചു. ശിവസേനയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ ചുമതലയേറ്റെങ്കിലും മഹാരാഷ്ട്രയിലെ രാഷ്ട്രീയക്കളികൾ അവസാനിക്കില്ല.

# തൃശൂരിൽ ഇനിയൊരു മാസം നിശാ വാണിജ്യോൽസവം

**പ്രത്യേക ലേഖകൻ**

തൃശൂരിൽ ഒരു മാസം നീളുന്ന നിശാ വാണിജ്യോൽസവം. ക്രിസ്മസ്, നവവൽസര ആഘോഷ നാളുകൾ പുതിയൊരു ബിസിനസ് സീസൺ തുറക്കുകയാണ്. വിദേശരാജ്യങ്ങളിലെ ഷോപ്പിംഗ് ഫെസ്റ്റിവലുകളുടെ മാതൃകയിൽ അത്യാകർഷക സജ്ജീകരണങ്ങളോടെയാണ് **'ഹാപ്പി ഡെയ്സ്'** എന്ന നൈറ്റ് ഷോപ്പിംഗ് ഫെസ്റ്റിവൽ ഒരുക്കുന്നത്.

**ഡിസംബർ 15 മുതൽ ജനുവരി 15 വരെ ഒരു മാസക്കാലം വൈകുന്നേരം ആറു മുതൽ രാത്രി 11 വരെ ഉപഭോക്താക്കൾക്കായി വിപണി തുറന്നിടുകയാണ്.** നഗര കവാടങ്ങളിൽ സ്വാഗതപ്പന്തലുകളും കമാനങ്ങളും. നഗരവീഥികളിൽ ദീപാലങ്കാരങ്ങൾ നിറയും. കലാ, സാംസ്കാരിക വിരുന്നും ഒരുക്കിയിട്ടുണ്ട്. രാത്രി കുടുംബസമേതം ഷോപ്പിംഗിന് ഇറങ്ങുന്നത് മനസിന്റെ മണിച്ചെപ്പിൽ എന്നും മായാതെ മിന്നി നിൽക്കുന്ന അനുഭവമാകും.

ഉൽസവാന്തരീക്ഷത്തിലേക്കു ജനങ്ങൾ ഒഴുകിയെത്തുമെന്നാണ് പ്രതീക്ഷ. ജനങ്ങൾ ഒഴുകിയെത്തുക മാത്രമല്ല, വ്യാപാരശാലകളിൽ കയറി സാധനങ്ങൾ വാങ്ങുകയും ഹോട്ടലുകളിൽനിന്നു ഭക്ഷണം കഴിക്കുകയും ചെയ്യും. തൃശൂർ നഗരം മുഴുവൻ ഒരു മാസക്കാലം വാണിജ്യോൽസവത്തിൽ ആറാടും.

**നൈറ്റ് ഷോപ്പിംഗിന് എത്തുന്നവർക്കു രാത്രി സൗജന്യ വാഹനയാത്രാ സൗകര്യവും ഏർപ്പെടുത്തുന്നുണ്ട്.**

**കുട്ടികൾക്കും യുവജനങ്ങൾക്കുമായി അമ്യൂസ്മെന്റ് പാർക്കും ഒരുക്കുന്നുണ്ട്. ക്രിസ്മസ്, നവവൽസര ആഘോഷങ്ങളുടെ ഭാഗമായുള്ള പുൽക്കൂടുകളും അലംകൃതമായ ക്രിസ്മസ് ട്രീകളും സാന്താക്ലോസുമാരുമെല്ലാം നഗരത്തിൽ പലയിടത്തായി നിറയും. കലാകായിക മത്സരങ്ങളുമുണ്ടാകും.**

നൈറ്റ് ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ച് ബോളിവുഡ് താരങ്ങൾ അടക്കമുള്ളവരെ അണിനിരത്തുന്ന സ്റ്റാർ നൈറ്റും മറ്റും സംഘടിപ്പിക്കുന്നുണ്ട്. ഫുട്ബോൾ മത്സരവും ബൈക്ക് റേയ്സും പുഷ്പോൽസവവുമെല്ലാം ആകർഷകമാക്കും.

ഓരോ വ്യാപാര സ്ഥാപനവും ആദായ നിരക്കിൽ സാധനങ്ങൾ വിൽക്കുമെന്നു മാത്രമല്ല, നറുക്കെടുപ്പു സമ്മാന പദ്ധതികളും നടപ്പാക്കും.

**കിഴക്കേകോട്ട, ശക്തൻ മാർക്കറ്റ്, കൊക്കാലെ, വഞ്ചികുളം, പടിഞ്ഞാറേകോട്ട, പൂങ്കുന്നം, പാട്ടുരായ്ക്കാൽ എന്നിവിടങ്ങളിൽ വലിയൊരു വ്യാപാര ശൃംഖല രാത്രി 11 വരെ തുറന്ന് പ്രവർത്തിക്കും.**

തൃശൂർ കോർപറേഷൻ, ചേംബർ ഓഫ് കോമേഴ്സ്, വ്യാപാര വ്യവസായി ഏകോപന സമിതി, ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ, ബേക്കറി മാനുഫാക്ച്വേഴ്സ് അസോസിയേഷൻ, വ്യാപാര വ്യവസായ സഹോദര സംഘടനകൾ, കലാസാംസ്കാരിക, സാമൂഹ്യസേവന സംഘടനകൾ തുടങ്ങിയവയെല്ലാം സംയുക്തമായാണ് ഹാപ്പി ഡെയ്സ് നൈറ്റ് ഷോപ്പിംഗ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

തളർന്നുപോയ വിപണിയെ ഉണർത്തിക്കൊണ്ടുവരാനാണ് ഈ ഉൽസവം ഒരുക്കുന്നത്. ഓൺലൈൻ വിപണിയിലേക്കു മാറുന്ന യുവതലമുറയെ ഉൽവസാന്തരീക്ഷത്തിലുള്ള വാണിജ്യോൽസവത്തിലേക്കു തിരിച്ചുകൊണ്ടുവരാൻകൂടിയാണ് ഈ യത്നം.

നിശാ വാണിജ്യോൽസവം അവിസ്മരണീയമായ ഷോപ്പിംഗ് അനുഭവമാക്കി മാറ്റി പുതിയ ബിസിനസ് സീസണിനു തുടക്കം കുറിക്കുകയാണ്. വരും വർഷങ്ങളിൽ കേരളത്തിലെ ഇതര ജില്ലകളിലും ഈ മാതൃക പിന്തുടർന്ന് പുതിയ ഷോപ്പിംഗ് സംസ്കാരത്തിനു തുടക്കമിടുകയാണ്.

# കമ്പനി ഡയറക്ടർമാർക്കും പരീക്ഷക്കാലം



**രാജേഷ്‌കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

കേന്ദ്ര ഗവൺമെന്റിന്റെ കമ്പനികാര്യ മന്ത്രാലയം കഴിഞ്ഞ ഒക്ടോബർ 22. നു കമ്പനികളിൽഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം, അവർക്കു വേണ്ട യോഗ്യതകൾ എന്നിവയെ കുറിച്ച് പ്രതിപാദിക്കുന്ന ചട്ടങ്ങളിൽ ഭേദഗതി വരുത്തി. ഇത് പ്രകാരം ഡിസംബർ മാസം 1നു ശേഷം കമ്പനികളിൽ നിയമിക്കുന്ന സ്വാതന്ത്ര ഡയറക്ടർമാർ കേന്ദ്ര ഗവണ്മെന്റ് രൂപീകരിച്ചിരിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോർപ്പറേറ്റ് അഫയേഴ്സ് എന്ന സ്ഥാപനം നിലനിർത്തുന്ന ഡാറ്റാ ബാങ്കിൽ നിന്ന് മാത്രമേ പാടുള്ളു എന്ന് വ്യവസ്ഥ ചെയ്യുന്നു. മാത്രമല്ല അവർ നിശ്ചിത പരീക്ഷ എഴുതി പാസ്സ് ആവണമെന്നും ചട്ടം നിഷ്കർഷിക്കുന്നു. ഈ പുതിയ നിബന്ധന കമ്പനി രൂപീകരിക്കുന്ന ബിസിനസ് കാരനായ ഡയരക്ടർക്ക് ബാധകമല്ല. ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനു മുൻപ് ആരാണ് ഈ ഇൻഡിപെൻഡന്റ് ഡയറക്ടർ എന്ന് നമുക്ക് പരിശോധിക്കാം.



സ്വതന്ത്ര ഡയറക്ടർ അഥവാ ഇൻഡിപെൻഡന്റ് ഡയറക്ടർകമ്പനി നിയമത്തിൽ.

2013ലെ കമ്പനി നിയമത്തിൽ വകുപ്പ് 149 പ്രകാരം കമ്പനികളിൽ ഡയറക്ടർമാരുടെ നിയമനം നടത്തേണ്ടതുണ്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളിൽ കുറഞ്ഞത് 2ഡയറക്ടർ മാരും പബ്ലിക് ലിമിറ്റഡ് കമ്പനികളിൽ കുറഞ്ഞത് 3 ഡയറക്ടർ മാരും ഉണ്ടാകണം. എന്നാൽ15ഡയറക്ടർമാരിൽ കൂടാൻ പാടില്ല. ഇത് കൂടാതെ ചില കമ്പനികൾക്ക് തങ്ങളുടെ ബോർഡിൽ സ്ത്രീകളെയും ഉൾപ്പെടുത്തണമെന്നും നിയമം നിഷ്കർഷിക്കുന്നു. ഈവകുപ്പിന്റെ ഉപ വകുപ്പ് 4 പ്രകാരം ലിസ്റ്റഡ് കമ്പനികൾ തങ്ങളുടെ ബോർഡിന്റെ മൊത്തം ശേഷിയുടെ മൂന്നിൽ ഒന്ന് എന്ന കണക്കിൽ ഇൻഡിപെൻഡന്റ് ഡിറക്ടർസനെ നിയമിക്കണം എന്നുമാണ് വ്യവസ്ഥ. ഇതുകൂടാതെ തന്നെ ഡിറക്ടർസന്റെ നിയമനവുമായി ബന്ധപ്പെട്ട ചട്ടം 4 പ്രകാരം താഴെ പറയുന്ന കമ്പനികളിലും കുറഞ്ഞത് 2 സ്വതന്ത്ര ഡിറക്ടർസ് വേണം എന്ന നിബന്ധനയുണ്ട്.

**i. പത്തു കോടി രൂപയോ അതിൽ കൂടുതലോ അടച്ചു തീർത്ത മൂലധനം ഉള്ള പബ്ലിക് ലിമിറ്റഡ് കമ്പനികൾ**

**ii. നൂറു കോടി രൂപയോ അതിൽ കൂടുതലോ വിറ്റുവരവുള്ളപബ്ലിക് ലിമിറ്റഡ് കമ്പനികൾ**

**iii. അമ്പത് കോടി രൂപയിൽ കൂടുതൽ വായ്പഎടുത്തതോ, നിക്ഷേപങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടുള്ള പബ്ലിക് കമ്പനികൾ.**

അങ്ങനെ സ്വാതന്ത്ര ഡയറക്ടർ മാരുടെ നിയമനം നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ലിസ്റ്റഡ് കമ്പനികളുടെ കാര്യത്തിൽ ഇതിനു മുൻപ് തന്നെ സ്വതന്ത്ര ഡയറക്ടർ മാരുടെ നിയമനം SEBI Corporate Governance ചട്ടങ്ങളിലൂടെ നിർബന്ധമാക്കിയിരുന്നു.

## എന്താണ് കമ്പനിയിൽ ബോർഡ്ഓഫ് ഡിറക്ടേഴ്സിനുള്ള പ്രസക്തി.

കമ്പനികൾ നിയമത്തിനു മുൻപിൽ പ്രത്യേകം നിലനില്പുള്ള സ്ഥാപനമാണെന്നു നമുക്കെല്ലാവർക്കും അറിയുന്നതാണല്ലോ. എന്നാൽ അതിനു സ്വയം പ്രവർത്തിക്കാൻ സ്വന്തമായി ശരീരമോ മനസ്സോ ഇല്ല. അതിനാൽ തന്നെ കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റാൻ മനുഷ്യ മനസ്സുകളും ശരീരവും അത്യാവശ്യമാണ്. അതിലേക്കായി നിയമത്തിലുള്ള വ്യവസ്ഥാപിതമായ മാർഗമാണ് കമ്പനിയുടെ ബോർഡ് ഓഫ് ഡിറക്ടർസ് അഥവാ ബോർഡ്എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഭരണ സമിതി .കമ്പനിയുടെഎല്ലാ നയപരമായ തീരുമാനങ്ങളും, ഭരണവും ബോർഡ് ആണ് നടത്തേണ്ടത്. നടത്താൻ പാടില്ലാത്തതു നടന്നാലും, നടക്കേണ്ടവ വേണ്ടവിധം നടത്താതിരുന്നാലും ഉണ്ടാകാവുന്ന എല്ലാ പ്രത്യാഘാദങ്ങൾക്കും ഉത്തരം പറയേണ്ടതും ബാധ്യതകൾ ഏറ്റെടുക്കേണ്ടതും ബോർഡ് ആണ്. ആധുനീക കാലത്തിൽ കമ്പനികൾ നടത്തുന്നത് വൻകിട ബിസിനസ് ശൃംഖലകളാണ് അത്തരം സ്ഥാപനങ്ങൾ പൊതുസമൂഹവുമായി വളരെ ബന്ധം പുലർത്തേണ്ടവയാണ്. ബിസിനസ് കെട്ടിപ്പടുക്കാൻ വേണ്ട മൂലധനം സമാഹരിക്കുന്നതു മുതൽ ഉത്പാദിപ്പിക്കുന്ന സാ

ധനങ്ങളോ സേവനങ്ങളോ ഉപയോഗിക്കുന്നതു രാജ്യത്തിനകത്തും പുറത്തുമുള്ള പൊതു ജനങ്ങളാണ്. മാത്രവുമല്ലരാജ്യത്തിന്റെ പൊതുസ്വത്തായ പ്രകൃതി വിഭവങ്ങളും ഇത്തരം സ്ഥാപങ്ങൾ ഉപയോഗിക്കുന്നു.. ഇത്തരം സ്ഥാപങ്ങൾ വരുമാനമുണ്ടാക്കുന്നതും സമൂഹത്തിൽ നിന്ന് തന്നെ. സാധനങ്ങൾ നിർമ്മിക്കുന്നതിനും, സേവനങ്ങൾ നൽകുന്നതിനും വേണ്ട മനുഷ്യ വിഭവശേഷിയും സമൂഹത്തിൽ നിന്നും പ്രയോജനപ്പെടുത്തുന്നു.ഓരോ കമ്പനിയുടെയും പ്രവർത്തനങ്ങൾ അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി നടക്കുന്നു എന്നും, രാജ്യത്തിന്റെ പൊതു താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുതകുന്ന നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തിയും, സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥാപിതമായ സമ്പ്രദായങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും കമ്പനികളുടെ ബോർഡിന്റെ ബാധ്യതയാണ്.

## കമ്പനിയുടെ ബോർഡും ഇൻഡിപെൻഡന്റ് ഡിറക്ടർസും.

ഇൻഡിപെൻഡന്റ് അഥവാ സ്വതന്ത്ര ഡയറക്ടർ എന്ന വക്കിൽ തന്നെ ഒരു സ്വാതന്ത്ര്യം നമുക്ക് അനുഭവപ്പെടുന്നല്ലോ. കമ്പനികൾ സ്ഥാപിക്കുന്നത് ബിസിനെസ്സ് കരാണെന്നു നമുക്കൊക്കെ അറിവുള്ളതാണ് അതിനവരെ പ്രേരിപ്പിക്കുന്നതിൽ പ്രധാന ഘടകം ലാഭം അല്ലെങ്കിൽ ധന സമ്പാദനമാണ്. ധന സമ്പാദന മാർഗങ്ങളും ധാർമികതയും തമ്മിൽ നിരന്തരം സംഘർഷത്തിലാണ്.സ്വതന്ത്ര ഡയറക്ടർ മാരുടെ പ്രസക്തി ഇവിടെയാണ്. ഇതിനർത്ഥം സ്വതന്ത്ര ഡയറക്ടർമാർ ലാഭ സമ്പാദനത്തിനു എതിരാണ് എന്നല്ലേ അല്ല!. സ്വതന്ത്ര ഡിറക്ടർമാർ കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ന്യായവും നീതിയുക്തവുമായി നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പൊതുസമൂഹത്തിന്റെ പ്രതീക്ഷയാണ്. കമ്പനിയുടെ ലക്ഷ്യങ്ങളിൽ ന്യായമായ ലാഭം അല്ലെങ്കിൽ ഒരു വ്യവസായത്തിൽ സാധാരണയായി കണ്ടുവരാറുള്ള റിട്ടേൺ ഓൺ ഇക്വിറ്റി (ROE) തങ്ങൾഡയറക്ടർ ആയിട്ടുള്ള കമ്പനിയിലും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. സ്വതന്ത്ര ഡയറക്ടർമാർ കമ്പനിയുടെ ശമ്പളം പറ്റുന്ന ജോലിക്കാരല്ല, അവർക്ക് കമ്പനിയുടെ ഉടമസ്ഥവകാശം 2% -ഇൽ കൂടാൻ പാടില്ല, കമ്പനിയുമായി. കാര്യമായ സാമ്പത്തിക ഇടപാടുകൾ ഒന്നും ചെയ്യാവുന്നതുമല്ല. ചുരുക്കത്തിൽ മീറ്റിങ്ങുകളിൽ പങ്കെടുക്കുന്നതിന് നൽകുന്ന ഫീസ് മാത്രമാണ് അവർക്ക് കമ്പനിയിൽ നിന്നുള്ള വരുമാനം. എന്നാൽ നല്ല രീതിയിൽ ലാഭമുണ്ടാക്കുന്ന കമ്പനികൾ അവരുടെ സ്വതന്ത്ര ഡയറക്ടർമാർക്ക് വർഷാവർഷം ലാഭത്തിന്മേൽ ബോണസ് നൽകുന്നതിന് തടസ്സമില്ല. സ്വാതന്ത്ര ഡിറക്ടർമാരുടെ എണ്ണം കമ്പനിയുടെ ബോർഡിൽ കൂടുന്നതിൽ തടസ്സമില്ല ഇവർ കമ്പനിയുടെ മുഴുവൻ സ്റ്റേക്ക് ഹോൾഡേഴ്സിനും കമ്പനിയുടെ മുന്പോട്ടുള്ള മാനേജ്മെന്റിൽ വിശ്വാസം വർധിപ്പിക്കുന്നു. ഇന്ത്യയുടെ സാമ്പത്തിക വികസനത്തിൽ വിദേശ മൂലധനനിക്ഷേപത്തിനുള്ള പ്രാധാന്യം എടുത്തു പറയേണ്ടതില്ലല്ലോ. അത്തരം നിക്ഷേപകർക്ക് സ്വാതന്ത്ര ഡയറക്ടർമാരുള്ള കമ്പനി കളിൽ നിക്ഷേപിക്കാനാണ് താല്പര്യം. എന്തെന്നാൽഅത്തരം കമ്പനികൾ തങ്ങളുടെ പ്രവർത്തനങ്ങൾ പൂർണമായും നിക്ഷേപക താല്പര്യം സംരക്ഷിക്കാനും, നിയമാനുസൃതമായും, രാജ്യത്ത് നിലവിലുള്ള സമ്പ്രദായങ്ങൾ ഉൾകൊണ്ടും പ്രവർത്തിക്കുമെന്ന് പരക്കെ വിശ്വസിക്കുന്നു. അവർക്ക് വ്യക്തി പരമായ താല്പര്യങ്ങൾ ഇല്ല എന്നുള്ളതും കമ്പനിയുടെ വിശാലമായ താല്പര്യങ്ങൾക്കാകും പ്രഥമ പരിഗണന എന്നത് തന്നെയാണ് സ്വാതന്ത്ര ഡയറക്ടർമാരുടെ നിയമനം നിയമം മൂലം നിർബന്ധമാക്കിയത്. മാത്രമല്ല കമ്പനിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് അംഗീകരിക്കുന്ന ഓഡിറ്റ് കമ്മിറ്റി, executive directors ന്റെയും, സീനിയർ മാനേജ്മെന്റ് അംഗങ്ങളുടെയും നിയമനം, സേവന വേതന വ്യവസ്ഥകൾ തുടങ്ങിയവനിർണയിക്കുന്ന നോമിനേഷൻ കമ്മിറ്റി എന്നിവയിലും കൂടുതലും അംഗങ്ങൾ ഇൻഡിപെൻഡന്റ് ഡയറക്ടർമാരാണ്. 2013 ലെ കമ്പനി നിയമത്തിൽ ചിലകമ്പനികൾക്കു നിർബന്ധമായും സ്വതന്ത്ര ഡയറക്ടർ മാർ വേണം എന്ന് മുകളിൽ പറഞ്ഞല്ലോ. ഈ നിയമത്തിന്റെ schedule IV ൽ സ്വതന്ത്ര ഡിറക്ടർമാർക് കോഡ് ഓഫ് കണ്ടെക്ട നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും സ്വതന്ത്ര ഡിറക്ടർമാരിൽ നിന്നും സ്റ്റേറ്റ് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് മനസിലാക്കാം.

## ഇൻഡിപെൻഡന്റ് ഡയറക്ടർ മാർക്ക് ഇനി പരീക്ഷ കാലം.

ഒക്ടോബർ 22തീയതി പുറത്തിറക്കിയ ചട്ടം 6 അനുസരിച്ചു നിലവിൽ ഏതെങ്കിലും കമ്പനിയിൽ സ്വതന്ത്ര ഡയറക്ടർമാരായിട്ടുള്ളവരും പുതുതായി ഡയറക്ടർ ആകാൻ താല്പര്യം ഉള്ളവരും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോർപ്പറേറ്റ് അഫ്ഫയെർസ് (Indian Institue of Corporate Affairs )രൂപീകരിക്കുന്ന ഡാറ്റാബാങ്കിൽ അംഗത്വം എടുക്കേണ്ടതാണ്. ഈ അംഗത്വം ഒരു വർഷം, അഞ്ച് വർഷം, അല്ലെങ്കിൽ ആജീവനാന്തം എന്നിങ്ങനെ എടുക്കാവുന്നതാണ്. ഇത് വർഷാവസാനം അല്ലെങ്കിൽ അഞ്ച് വർഷം കഴിയുമ്പോൾ പുതുക്കേണ്ടതാണ്. മാത്രവുമല്ല ഇങ്ങനെ പേരുചേർക്കപ്പെട്ടവർ ചേർന്ന് ഒരു വർഷത്തിനുള്ളിൽ മുകളിൽ സൂചിപ്പിച്ചഇൻസ്റ്റിട്യൂട്ട് നടത്തുന്ന ഓൺലൈൻ ടെസ്റ്റ് പാസ്സാകേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ പേര് ഡാറ്റാ ബാങ്കിൽ നിന്നും മാറ്റപ്പെടും. പാസാക്കുന്നതിന് ഓൺലൈൻ ടെസ്റ്റിൽ 60% തിൽ കുറയാത്ത മാർക്ക് കിട്ടേണ്ടതുണ്ട്. എത്ര തവണ വേണമെങ്കിലും ഒരാൾക്ക് ടെസ്റ്റ് എഴുതാവുന്നതാണ്. ഇത് കമ്പ്യൂട്ടർ വഴി ഓൺലൈൻ ആയി നടത്തുന്ന ടെസ്റ്റ് ആണ്. ഇതിന്റെ കൂടുതൽ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**ടെസ്റ്റ് എഴുതുന്നതിൽ നിന്നും താഴെ പറയുന്നവരെ ഒഴിവാക്കിയിട്ടുണ്ട് .**

A. ഡയറക്ടർ ഏതങ്കിലും ലിസ്റ്റഡ് കമ്പനിയിൽകുറഞ്ഞത് പത്തു വർഷം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ;

B. പത്തു കോടി രൂപയിൽ കുറയാത്ത അടച്ചു തീർത്ത മൂലധനം ഉള്ള ലിസ്റ്റ് ചെയ്യാത്ത കമ്പനിയുടെ ഡയറക്ടർ ആയി പത്തു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ;

C. മുകളിൽ പറഞ്ഞ രണ്ട് വിഭാഗം കമ്പനികളിൽ കീ മാനേജ്മെന്റ്(Key managerial personnel )(KMP)പേർസണൽ ആയി പത്തു വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയംഉള്ളവർ. 2013ലെ കമ്പനി നിയമം പ്രകാരം KMP എന്ന നിർവചനത്തിൽ ഉൾകൊള്ളുന്നവർ താഴെ പറയുന്നവരാണ്;

i. Managing Director

ii. Executive Director
iii. Company Secretary
iv. Chief Financial Officer

മുതലായവരാണ് ഈ ഗണത്തിൽ പെടുന്നത്. ഇവർക്കാർക്കും പുതിയ നിയമപ്രകാരം പരീക്ഷ എഴുതേണ്ടതില്ല. എങ്കിലും പത്തു വർഷത്തിനു താഴെ നല്ല കമ്പനികളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള പ്രഗൽഭരായ വ്യക്തികളെ ഡയറക്ടർമാർ ആകുന്നതിൽ നിന്നുംപിന്തിരിപ്പിക്കാൻ ഒരുപക്ഷേ പുതിയ നിയന്ത്രണങ്ങൾ പ്രേരിപ്പിച്ചേക്കാം. മാത്രമല്ല നിയമത്തിന്റെ മറ്റൊരു കുറവ് ചാർട്ടേഡ് അക്കൗണ്ടന്റ് കമ്പനി സെക്രട്ടറി കോസ്റ്റ് അക്കൗണ്ടന്റ് തുടങ്ങി പ്രഗൽഭരായ പ്രൊഫഷണലുകളെ ടെസ്റ്റ് എഴുതി പാസാകുന്നതിൽ നിന്നുംഒഴിവാക്കിയിട്ടില്ലഎന്നതാണ്. ഞാൻ മുകളിൽ സൂചിപ്പിച്ച പ്രൊഫഷണലുകൾ കോർപ്പറേറ്റ് പ്രൊഫഷണൽസ് എന്നാണല്ലോ അറിയപ്പെടുന്നത് അവരാകട്ടെ അവരെ നിയന്ത്രിക്കുന്ന പ്രൊഫഷന്റെ എല്ലാ ചിട്ടവട്ടങ്ങളും അനുസരിക്കുകയും അവർക്ക് ആവശ്യമായ നിരവധി പരിശീലനങ്ങൾ കഴിഞ്ഞിട്ടുള്ള വരാണ്. അതുമാത്രമല്ല ഇവിടെ കമ്പനി സെക്രട്ടറിയും ചാർട്ടേഡ് അക്കൗണ്ടറ്റും കമ്പനികളിൽ കെ എം പി ആയി ഇരുന്നാൽ അവർക്ക് പരീക്ഷ എഴുതേണ്ട ആവശ്യമില്ല ഇത് ആരോഗ്യകരമല്ലാത്ത ഒരു വേർതിരിവ് ലേക്ക് ഒരു പ്രൊഫഷനിൽ രണ്ട് തരം ആൾക്കാരെ സൃഷ്ടിക്കുന്നതിന് ഇടവരും. മാത്രമല്ല ഇവർക്ക് കമ്പനി നിയമം, സെക്യൂരിറ്റി ലോ, അക്കൗണ്ടൻസി തുടങ്ങിയ വിഷയങ്ങളിൽ ആധികാരികമായ അറിവുള്ളവരാണ്.

ഇൻഡിപെൻഡൻസ് ഡയറക്ടർ ആകുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല എങ്കിലുംഅഞ്ചുവർഷം വീതമുള്ള രണ്ട് ഘട്ടങ്ങൾ ഒരു കമ്പനിയിൽ ഡയറക്ടറായി ഇരിക്കാം. പ്രഗത്ഭമതികളായ ധാരാളം ഡയറക്ടർമാർ അവരുടെ റിട്ടയർമെന്റ് കാലത്തിനുശേഷം സ്വതന്ത്ര ഡയറക്ടർമാരായി കമ്പനികളിൽ സേവനമനുഷ്ഠിക്കുന്നു ഇവരെല്ലാം ഡിസംബർ ഒന്നാം തീയതി മുതൽ പുതിയ ചട്ടപ്രകാരം ഡേറ്റാ ബാങ്കിൽ അംഗമാകുകയും തുടർന്ന് വയസ്സുകാലത്ത് ഒരു പരീക്ഷ എഴുത്തിലേക്ക് തള്ളിവിടുന്ന സ്ഥിതിയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഇവരൊക്കെ ഒരു പരിധിവരെ കമ്പ്യൂട്ടറിനോടും ഇന്റർനെറ്റ് നോടും ചങ്ങാത്തം ഉള്ളവർ ആയിരിക്കാം അങ്ങനെയെങ്കിൽ കാര്യങ്ങൾ എളുപ്പമായി. അല്ലാത്തവർ ഇനി ഒരു പരീക്ഷഎഴുതാൻ ചെറുപ്പം ഇല്ല എന്ന് കരുതി സ്വതന്ത്ര ഡയറക്ടർമാരുടെ ജോലി വേണ്ടെന്നു വെച്ചാൽ കോർപ്പറേറ്റ് സമൂഹത്തിന് അത് ചെറുതല്ലാത്ത നഷ്ടം ആയിരിക്കാം വരുത്തുക. സ്വതന്ത്ര ഡയറക്ടർമാരുടെ നിയമനം നിർബന്ധം ആയതിനുശേഷം അല്ലെങ്കിൽ തന്നെ ഉത്തമരായ ആൾക്കാരെ കണ്ടെത്തുക വളരെ പ്രയാസമാണ് അതിലേക്ക് പുതിയ പരിഷ്കാരം എങ്ങനെ പ്രതിഫലിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.

### എന്തായിരിക്കും പരീക്ഷയുടെ സ്വഭാവം

പരീക്ഷയുടെ സ്വഭാവത്തെക്കുറിച്ച് ഇപ്പോൾ എന്തെങ്കിലും പറയുക സാധ്യമല്ല എന്തെന്നാൽ പരീക്ഷയുടെ സ്വഭാവം ഇനിയും വ്യക്തമാക്കിയിട്ടില്ല. പരീക്ഷ രൂപകല്പന ചെയ്യാനും നടത്താനും നിയമംമൂലം ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോർപ്പറേറ്റ് അഫയേഴ്സ് (IICA ) ആണ് ചുമതലപ്പെട്ട സ്ഥാപനം അവരുടെ വെബ്സൈറ്റിൽ പരീക്ഷയെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അറിവായിട്ടില്ല.രാജ്യത്ത് വിവിധങ്ങളായ ധാരാളം കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് അവരുടെ പ്രവർത്തന മേഖലകൾ വളരെ വിഭിന്നമാണ് പലരും സാധനങ്ങൾ ഉൽപാദിപ്പിക്കുമ്പോൾ മറ്റുചിലർ വളരെയധികം സാങ്കേതികജ്ഞാനം ആവശ്യമുള്ള എൻജിനീയറിങ്ങും ടെക്നോളജിയും അടങ്ങിയ മേഖലകളിലാണ്, മറ്റുചിലരാകട്ടെ കമ്പ്യൂട്ടർ അധിഷ്ഠിതമായ സേവന മേഖലകളിലും, ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസ് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത തരത്തിലുള്ള പ്രവർത്തനമേഖലകളിൽ വ്യാപൃതരാണ്. ഇത്തരം കമ്പനികളിൽ എല്ലാം തന്നെസ്വതന്ത്ര ഡയറക്ടർമാരുടെ നിയമനം പല കാരണങ്ങളാൽ നിർബന്ധവുമാണ്. ഓരോ സ്ഥാപനത്തിനും ചേർന്ന വിധത്തിലുള്ള പരീക്ഷ രൂപകൽപന ചെയ്യുക എന്നത് ശ്രമകരമാണ്.അതുകൊണ്ട് സെൻട്രൽ ഗവൺമെന്റ്

കമ്പനീസ് ക്രിയേഷൻ ആൻഡ് മെയിന്റനൻസ് ഓഫ് ഡേറ്റ് ബാങ്ക് ഓഫ് ഇൻഡിപെൻഡൻസ്ഡയറക്ടേഴ്സ് റൂൾസ്, 2019, ഒക്ടോബർ 22ന് പുറത്തിറക്കുകയുണ്ടായി പ്രസ്തുത റൂൾസ് ചട്ടം 4 പ്രകാരം സ്വതന്ത്രഡയറക്ടർമാർക്ക് കമ്പനി നിയമം , സെക്യൂരിറ്റീസ് നിയമം അടിസ്ഥാനപരമായ അക്കൗണ്ടൻസിതുടങ്ങി പ്രയോജനപ്രദമായ രീതിയിൽ സിലബസ് ഉണ്ടാക്കാനും പരീക്ഷ നടത്താനും അതിനുവേണ്ട പുസ്തകങ്ങൾ രൂപകല്പന ചെയ്യാനും ഐ ഐ സി എ എന്ന സ്ഥാപനത്തിന് അധികാരം നൽകിയിട്ടുണ്ട്.

ഐ ഐ സി എരൂപീകരിക്കുന്ന ഡേറ്റാ ബാങ്കിൽ പേരുചേർക്കാൻ ആഗ്രഹിക്കുന്ന വ്യക്തികളും ആ ഡേറ്റാ ബാങ്കിൽ നിന്നും ഡയറക്ട് സിനെ നിയമിക്കാൻആഗ്രഹിക്കുന്ന കമ്പനികളും ഇനി സെൻട്രൽ ഗവൺമെന്റ് നിശ്ചയിക്കുന്നഫീസും നൽകേണ്ടതുണ്ട്.

മുകളിൽ വിവരിച്ചിരിക്കുന്ന പരിഷ്കാരങ്ങൾ നമ്മുടെ രാജ്യത്തിന്റെ സമഗ്രമായ സാമ്പത്തിക വളർച്ചയ്ക്ക് അത്യാവശ്യ ഘടകമായ നിക്ഷേപം സമാഹരിക്കാൻ കൂടുതൽ സഹായിക്കുമെന്ന് നമുക്ക് കരുതാം. കഴിഞ്ഞ ഏതാനും നാളുകളായി നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ പിടിച്ചുലയ്ക്കുന്ന വിധത്തിൽ ഒരിക്കലും തകരില്ല എന്ന് കരുതിയിരുന്ന വമ്പൻ വ്യാവസായിക സ്ഥാപനങ്ങളും ധനകാര്യ സ്ഥാപനങ്ങളും എല്ലാവരുടെയും പ്രതീക്ഷകൾ അസ്ഥാനത്താക്കി തകർച്ച നേരിടുന്ന ഭീതിജനകമായ കാഴ്ച നാമെല്ലാം കണ്ടതാണ് ഇത്തരം വൻകിട സ്ഥാപനങ്ങളിൽ ശക്തമായ ബോർഡും, അതിലൊക്കെപരിണിത പ്രജ്ഞ രായസ്വതന്ത്ര ഡയറക്ടർമാരും ഉണ്ടായിരുന്നു എന്ന വസ്തുത സമൂഹത്തിൽ ഉൽക്കണ്ഠ ഉളവാക്കിയിട്ടുണ്ട്. മാത്രമല്ല നിക്ഷേപക സൗഹൃദം എന്ന് നാം വിശേഷിപ്പിക്കുന്ന നമ്മുടെ രാജ്യത്തെ കോർപ്പറേറ്റ് മാനേജ്മെന്റ് സംവിധാനത്തിൻമേൽഒരുചോദ്യം ആയി മാറുകയും ചെയ്തു. പുതിയ പരിഷ്കാരത്തിലൂടെ സ്വതന്ത്ര ഡയറക്ടർമാർ ആകാൻ താല്പര്യപ്പെടുന്നവർ അതിനുവേണ്ടി ആവശ്യം വേണ്ട തയാറെടുപ്പുകൾ നടത്തുന്നു എന്നുള്ളത് ഉറപ്പുവരുത്താൻ ഇപ്പോൾ കൊണ്ടുവരുന്ന പരീക്ഷകൾ പോലെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുമെന്നുംഅങ്ങനെ വിജയിച്ചു വരുന്ന വ്യക്തിത്വങ്ങൾ തങ്ങളുടെ ഉത്തരവാദിത്വം തിരിച്ചറിയുകയും സമൂഹത്തിന്റെ പ്രതീക്ഷകൾക്കൊത്ത് തങ്ങളുടെ ശേഷി വിനിയോഗിക്കുകയും ചെയ്യുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഐറ്റം സോംഗുകളുടെ റാണി എന്നറിയപ്പെടുന്ന സുനിധി ചൗഹാൻ ഇന്ത്യൻ സംഗീതരംഗത്തെ വിസ്മയമാണ്...




തേജശ്രീ

# സുനിധി ചൗഹാന്റെ സ്വരം ഫ്രോസൺ 2-വിലും

ഡിസ്നിയിൽനിന്ന് മറ്റൊരു മ്യൂസിക്കൽ ഫാന്റസി ഫിലിം കൂടി എത്തിയിരിക്കുന്നു. അവർ നിർമിച്ച 58-ാമത് അനിമേഷൻ ചിത്രമാണ് ഫ്രോസൺ 2. ആറുവർഷം മുമ്പ് പുറത്തിറങ്ങിയ ഫ്രോസൺ എന്ന ചിത്രത്തിന്റെ രണ്ടാം ഭാഗം. എൽസ, അന്ന എന്നീ രണ്ടു പെൺകുട്ടികളുടെ കഥപറയുന്ന ചിത്രം തിയേറ്ററുകളിൽ തരംഗമായിക്കഴിഞ്ഞു. റോബർട്ട് ലോപസ്, ക്രിസ്റ്റെൻ ആൻഡേഴ്സൺ-ലോപസ് ദമ്പതികൾ എഴുതി ക്രിസ്റ്റോഫ് ബെക്ക് ഈണമൊരുക്കിയ ഗാനങ്ങൾ പതിവുപോലെ ചിത്രത്തിന്റെ പ്രധാന ആകർഷണമാണ്. നവംബർ 22ന് സിനിമ റിലീസ് ചെയ്യുന്നതിന് ഒരാഴ്ചമുമ്പേ പുറത്തിറക്കിയ സൗണ്ട്ട്രാക്ക് ഹിറ്റ് ചാർട്ടുകളിൽ ഇടംനേടിക്കഴിഞ്ഞു.

ഇന്ത്യൻ സംഗീതപ്രേമികളെ സംബന്ധിച്ച് ഫ്രോസണിലെ പാട്ടുകൾക്ക് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. ചിത്രത്തിന്റെ ഹിന്ദി പതിപ്പിൽ ഇത്തവണയും പ്രിയപാട്ടുകാരി സുനിധി ചൗഹാന്റെ ശബ്ദത്തിൽ പാട്ടുകേൾക്കാം. 2013ൽ ഫ്രോസൺ എന്ന ആദ്യചിത്രത്തിലെ ഹിറ്റ് ഗാനം ലെറ്റ് ഇറ്റ് ഗോ ഹിന്ദിയിൽ പാടിയത് സുനിധിയാണ്. ലയൺ കിംഗിലും സുനിധിയുടെ ശബ്ദമുണ്ടായിരുന്നു.

വീണ്ടും ഡിസ്നിയുമായി സഹകരിക്കുന്നതിൽ അഭിമാനമുണ്ട്- സുനിധി പറയുന്നു. ലെറ്റ് ഇറ്റ് ഗോ എന്ന പാട്ടു പാടിയ വേള വിസ്മയകരമായിരുന്നു. വെല്ലുവിളി നിറഞ്ഞതാണ് അതിന്റെ തുടർച്ചയിൽ പാടാനുള്ള അവസരമെങ്കിലും അതിന്റെ ഓരോ നിമിഷവും ഞാൻ ഇഷ്ടപ്പെട്ടാണ് ചെയ്തത്.

## സുനിധിയുടെ ആവാസ്!

നാലു വയസുമുതൽ പാടിത്തുടങ്ങിയ വിസ്മയമാണ് സുനിധി ചൗഹാൻ. സംഗീതപ്രേമികളുടെ മനസിൽ സുനിധി കയറിപ്പറ്റിയത് വളരെപ്പെട്ടെന്നാണ്. അതിനു കാരണമുണ്ട്. മേരീ ആവാസ് സുനോ എന്ന റിയാലിറ്റി ഷോയിൽ വിജയിയായതോടെയാണത്. അന്ന് സുനിധിക്ക് പ്രായം വെറും 13. മ്യൂസിക് റിയാലിറ്റി ഷോകൾ അന്നുവരെ കണ്ടുപരിചയമില്ല രാജ്യത്തിന്. അതിൽ അമ്പരപ്പിക്കുന്ന പ്രകടനമാണ് സുനിധി കാഴ്ചവച്ചത്. ആ ഷോ മലയാളികൾക്കിടയിൽ സുപരിചിതമാകാൻ മറ്റൊരു കാരണംകൂടി ഉണ്ടായിരുന്നു. തൃശൂർക്കാരനായ പ്രദീപ് സോമസുന്ദരമാണ് പുരുഷന്മാരുടെ വിഭാഗത്തിൽ ജേതാവായത്. ഈ രണ്ടു വിജയികളെയും രാജ്യം നെഞ്ചിലേറ്റുകയായിരുന്നു, അക്ഷരാർത്ഥത്തിൽ.






സുനിധിക്ക് അക്കൊല്ലംതന്നെ ശസ്ത്ര എന്ന സിനിമയിൽ പാടാൻ അവസരംകിട്ടി. 1999ൽ മസ്ത് എന്ന ചിത്രത്തിലെ രുകീ രുകീ സി സിന്ദഗീ എന്ന പാട്ടു പാടിയതോടെ സുനിധി ചൗഹാൻ താരമായി ഉയർന്നു. സംഗീതരംഗത്തെ പുത്തൻ താരോദയത്തിനുള്ള ഫിലിംഫെയർ ആർ.ഡി. ബർമൻ അവാർഡും ആ പാട്ടിലൂടെ സുനിധിയെ തേടിയെത്തി. ഒപ്പം മികച്ച പിന്നണി ഗായികക്കുള്ള ഫിലിംഫെയർ നോമിനേഷനും.

## ക്വീൻ ഓഫ് ഐറ്റം സോംഗ്സ്

കരിയറിലുടനീളം സുനിധിയെ തേടിയെത്തിയത് ഐറ്റം നമ്പറുകളാണ്. ധൂം മചാലേ എന്ന പാട്ടുമാത്രം മതിയാകും അവരുടെ സ്വരം അത്തരം പാട്ടുകളിൽ എത്രത്തോളം ഊർജ്ജം നിറയ്ക്കുന്നുവെന്ന് തിരിച്ചറിയാൻ. 2004ലും 2010ലും ഫിലിംഫെയർ അവാർഡുകൾ സുനിധിക്കായിരുന്നു. ഷീലാ കീ ജവാനി എന്ന പാട്ട് കേട്ടവരാരും മറക്കാൻ സാധ്യതയില്ല.

അക്കൊല്ലംതന്നെ സുനിധിയുടെ ശബ്ദം അന്താരാഷ്ട്ര വേദികളിലുമെത്തി. ലോകപ്രശസ്തനായ എന്റിക് ഇഗ്ലേഷ്യസിന്റെ ഹാർട്ട്ബീറ്റ് എന്ന പാട്ടിന്റെ സുനിധി പാടിയ പതിപ്പ് ഏറെ ശ്രദ്ധിക്കപ്പെട്ടു.

അമ്മയാണ് സുനിധിയുടെ സംഗീതജീവിതത്തിന് പ്രോത്സാഹനം നൽകിയത്. നാലുവയസുമുതൽ മത്സരങ്ങളിൽ പങ്കെടുത്തു തുടങ്ങിയ സുനിധിയിലെ ഗായികയെ പ്രശസ്ത നടി തബസ്സും കണ്ടെത്തിയതും വഴിത്തിരിവായി. അവരാണ് സുനിധിയുടെ കുടുംബത്തോടെ മുംബൈയിലേക്കു മാറാൻ നിർദേശിച്ചത്. അവർവഴി വിഖ്യാത സംഗീതസംവിധായകരായ കല്യാൺജി- ആനന്ദ്ജി ദ്വയത്തെ കാണാനും സുനിധിക്കു കഴിഞ്ഞു. സുനിധിക്ക് ആ പേരു നിർദേശിച്ചത് കല്യാൺജിയായിരുന്നു. അതുവരെ നിധി എന്നായിരുന്നു പേര്. ഭാഗ്യമുള്ള പേരാണ് സുനിധി എന്നായിരുന്നു കല്യാൺജിയുടെ പക്ഷം. നിധിക്ക് ആ പേര് ഭാഗ്യം കൊണ്ടുവരികയും ചെയ്തു!

ഒട്ടേറെ ഷോകളും മത്സരങ്ങളും സുനിധിയുടെ വഴിയിൽ വന്നു. വിജയങ്ങൾ അവളോടൊപ്പം നിൽക്കുകയും ചെയ്തു. അഭിനയിക്കാനും ഭാഗ്യമുണ്ടായി. അത്തരമൊരു ഭാഗ്യമാവണം ഡിസ്നിയുടെ ചിത്രങ്ങളിൽ അവസരമെത്തിയതിനും പിന്നിൽ. എന്നാൽ തുടർച്ചയായി പാട്ടുകൾ ലഭിക്കാൻ ഭാഗ്യം മാത്രം പോരല്ലോ! അതാണ് സുനിധിയെ സംഗീതലോകത്ത് അടയാളപ്പെടുത്തുന്നത്.

കൗസർ മുനീർ ആണ് ഫ്രോസൺ 2 ഹിന്ദി പതിപ്പിലെ പാട്ടുകൾ എഴുതിയത്. മറ്റൊരു പ്രത്യേ



കതകൂടിയുണ്ട് ഇത്തവണ- ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളായ പെൺകുട്ടികൾക്ക് ഹിന്ദിയിൽ ശബ്ദം നൽകിയത് പ്രിയങ്ക ചോപ്രയും പരിനീതി ചോപ്രയുമാണ്.

# മഷ്റൂം സ്റ്റൈൽ പ്രതിഷേധം

പുതുമുഖ നടൻ ഷെയ്ൻ നിഗം ആണ് മഷ്റൂം സ്റ്റൈലിൽ തലമുടി വെട്ടിക്കൊണ്ട് പരസ്യമായി പ്രതിഷേധിച്ചത്. 'വെയിൻ' സിനിമയുടെ നിർമാതാവുൾപ്പെടെ അണിയറപ്രവർത്തകരുമായുള്ള ചേർച്ചകുറവാണ് ഇത്തരത്തിലൊരു പ്രതിഷേധത്തിന് തിരികൊളുത്തിയത്. ആഴ്ചകൾക്ക് മുമ്പ് തനിക്കെതിരെ വെയിൻ സിനിമയുടെ നിർമാതാവ് ജോബി ജോർജ്ജിന്റെ വധഭീഷണിയുണ്ടായി എന്ന് ഷെയ്ൻ പ്രതികരിച്ചിരുന്നു. ഇത് പിന്നീട് സിനിമ സംഘടനകളുടെ ചർച്ചകൾക്ക് ശേഷം ഒത്തുതീർക്കപ്പെട്ടിരുന്നു. എന്നാൽ തുടർന്നും സിനിമാ സെറ്റിൽ തൽസ്ഥിതിക്ക് മാറ്റമില്ലാതിരുന്നതാവാം പ്രതിഷേധം തുടരാൻ കാരണമായത്. പ്രതിഷേധം തുടർന്നാൽ സംവിധായകൻ ശരത് ഉൾപ്പെടെ അനേകം വരുന്ന അണിയറ പ്രവർത്തകരെല്ലാം ആശങ്കയിലായിതീരുമെന്ന് തീർച്ച. എങ്കിലും ഇവയൊന്നും 'വെയിൻ' എന്ന സിനിമയെ ഒരുതരത്തിലും മോശമാക്കി തീർക്കില്ല എന്നു പ്രതീക്ഷിക്കാം. ഇതുവരെ ഷൂട്ട് ചെയ്ത രംഗങ്ങളിൽ താൻ പൂർണമായും തൃപ്തനാണെന്ന് ചിത്രത്തിന്റെ സംവിധായകൻ വെളിപ്പെടുത്തുകയുണ്ടായി. പുതുമുഖ സംവിധായകൻ ആണ് ശരത്. ഒട്ടേറെ കലാകാരന്മാരുടെ കഠിന പ്രയത്നം ഒരു നല്ല സിനിമയുടെ പിറവിക്ക് ആവശ്യമെന്നിരിക്കെ, അണിയറ പ്രവർത്തകരുടെ പരസ്പര ബഹുമാനവും സഹകരണവും എത്രമേൽ പ്രാധാന്യമർഹിക്കുന്നെന്ന് ഇരുവിഭാഗവും ഒരിക്കൽകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.



ഷെയിൻ നിഗം

# മരട് 357:
# മരട് വിഷയം സിനിമയാകുന്നു

ഏറെ ചർച്ച ചെയ്യപ്പെട്ട മരട് വിഷയം സിനിമയായി മാറുന്നു. കണ്ണൻ താമരക്കുളം ആണ് ചിത്രത്തിന്റെ സംവിധായകൻ. മരട് ഫ്ളാറ്റിന്റെ നിർമാണാനുമതി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തുടർച്ചയായുണ്ടാകുന്ന വീഴ്ചകൾ, ഇതേ തുടർന്ന് വ്യാപകമായി പലതലങ്ങളിലും ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ, നിസ്സഹായരായി നോക്കി നില്ക്കേണ്ടിവന്ന ഫ്ളാറ്റ് ഉടമകൾ എന്നിവയെല്ലാം സിനിമയുടെ ഭാഗമാകുന്നു.



കൈതപ്രം, മുരുകൻ കാട്ടാക്കട എന്നിവർ ചിത്രത്തിന്റെ ഗാനരചന നിർവഹിക്കുന്നു. ചിത്രത്തിന്റെ തിരക്കഥ ദിനേശ് പള്ളത്താണ്. ദിനേശ് പള്ളത്ത്, കണ്ണൻ താമരക്കുളം കൂട്ടുകെട്ടിൽ പിറന്ന ഏറെ സാമൂഹിക പ്രസക്തിയാർന്ന മറ്റൊരു സിനിമയായിരുന്നു പട്ടാഭിരാമൻ. അബ്രഹാം മാത്യു ആണ് 'മരട് 357' സിനിമയുടെ നിർമാണം.

## ജയലളിതയായി ബോളിവുഡ് നടി

# കങ്കണ

ജയലളിതയുടെ ജീവിതകഥ സിനിമയാകുന്ന 'തലൈവി'യിൽ ബോളിവുഡ് നടി കങ്കണ ജയലളിതയായി വേഷമിടുന്നു. ചിത്രത്തിന്റെ ഒരു മിനിറ്റോളം ദൈർഘ്യം വരുന്ന ടീസർ കഴിഞ്ഞവാരം പുറത്തിറങ്ങിയിരുന്നു. 2016 ഡിസംബർ അഞ്ചിന് തന്റെ അറുപത്തിഎട്ടാം വയസിലാണ് ജയലളിത മരണത്തിന് കീഴ്പ്പെടുന്നത്. എം.ജി.ആർ സ്മാരകത്തോട് ചേർന്ന് പൂർണ സംസ്ഥാന ബഹുമതികളോടെയായിരുന്നു ഏറെ കലുഷിതമായ സാഹചര്യങ്ങൾക്കിടയിലും സംസ്കാരചടങ്ങുകൾ. തമിഴ് ജനഹൃദയങ്ങളിൽ ഏറെ സ്വാധീനം ചെലുത്തിയ ജയലളിതയുടെ ജീവിതം സിനിമയാകുമ്പോൾ അതിസൂക്ഷ്മമായി തെറ്റുകുറ്റങ്ങൾ ഒഴിവാക്കാനുള്ള ശ്രമങ്ങളിലാണ് അണിയറ പ്രവർത്തകർ. എം.എൻ.വിജയ് സംവിധാനം ചെയ്യുന്ന സിനിമയിൽ എം.ജി.ആർ. ആയി അരവിന്ദ് സാമി വേഷമിടുന്നു. ജയലളിതയുടെ സിനിമ ജീവിതവും രാഷ്ട്രീയ ജീവിതവും ഉൾപ്പെട്ടിട്ടുള്ള സിനിമയുടെ സംഗീതം ജി.വി.പ്രകാശ്കുമാർ നിർവഹിക്കുന്നു.





കങ്കണ റണാവത്, ജയലളിത



# ലോകാത്ഭുതങ്ങളിലെ രക്തനാടകശാല



**കാരൂർ സോമൻ**
ചാരുംമൂട്

**റോമൻ സാമ്രാജ്യത്തിന്റെ ക്രൂരതകളുടെ ഓർമ്മപ്പെടുത്തലും അടയാളവുമാണ് രക്തനിലമായ റോമിലെ കൊളോസിയം.**

റോമൻ സാമ്രാജ്യത്തിന്റെ ക്രൂരതകളുടെ ഓർമ്മപ്പെടുത്തലും അടയാളവുമാണ് രക്തനിലമായ റോമിലെ കൊളോസിയം. ആകാശത്തോളവും ഉയർന്നു നില്ക്കുന്ന ഈ അത്ഭുതഗോപുരത്തിലേക്ക് ഹൃദയത്തിൽ അലയടിക്കുന്ന ദുരന്തസ്പന്ദനങ്ങളുമായി ഞാൻ നിന്നു. മനുഷ്യനും വന്യമൃഗങ്ങളുമായി ഏറ്റുമുട്ടുന്ന രക്തനാടക ശക്തിയുടെ പരീക്ഷണശാല. കുറ്റവാളികൾ മൃഗവുമായി ഏറ്റുമുട്ടി മരണപ്പെട്ടാൽ ആ ശരീരം മൃഗത്തിന് ഭക്ഷണമാണ്. കുറ്റവാളികൾ മൃഗവുമായി ഏറ്റുമുട്ടി ജയിച്ചാൽ അയാൾക്ക് മോചനം ലഭിക്കും. ക്രിസ്തീയ വിശ്വാസികളും കുറ്റവാളികളുടെ പട്ടികയിലുണ്ട്. അവരെല്ലാം രക്തസാക്ഷികളായി മൃഗങ്ങളുടെ മുന്നിൽ ജീവൻ ഹോമിച്ചവരാണ്. മനുഷ്യരും മൃഗങ്ങളുമായി ഏറ്റുമുട്ടുന്നതും മല്ലന്മാർ പരസ്പരം ഏറ്റുമുട്ടി മരണം വരിക്കുന്നതും ഒരു വിനോദമായിട്ടാണ് റോമൻ ചക്രവർത്തിമാർ കണ്ടിരുന്നത്. കൊളോസിയത്തിന്റെ മുന്നിലുള്ള റോഡരികിൽ ഇറ്റലിയുടെ പ്രകൃതിഭംഗിക്ക് മാറ്റുകൂട്ടുന്ന മനോഹരമായ പയിൻകുട മരങ്ങൾ നിരനിരയായി രണ്ടോ മൂന്നോ ശാഖകളായി ഒരു കുടപോലെ ആകാശത്തേക്കുയർന്ന് നില്ക്കുന്നത് ഒരു കൗതുകകരമായ കാഴ്ചയാണ്. റോമ നഗരം കത്തിയെരിഞ്ഞപ്പോൾ ആകാശത്തേക്കുയർന്ന അഗ്നിജ്വാലകൾപോലെ വീണ വായിച്ചു രസിച്ച നീറോ ചക്രവർത്തിയെപ്പോലെയുള്ളവർക്ക് മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായി എങ്ങനെ ഭരിക്കാൻ കഴിഞ്ഞുവെന്നതും ഇന്നും ഒരു ചോദ്യചിഹ്നമാണ്. റോമൻ ചക്രവർത്തിമാരുടെ റോമാന്റിക്ക് നാടക അരങ്ങിൽ ഒഴുകിയത് മനുഷ്യമൃഗങ്ങളുടെചൂടുള്ള രക്തമായിരുന്നു. സുഖലോലുപനായി ജീവിച്ച നീറോ റോമിന്റെ ഹൃദയഭാഗത്ത് കൂടുതൽ ഉല്ലാസത്തിനായി തീർത്തതാണ് ഗോൾഡൻ ഹൗസ്.

രാജഭരണത്തിൽ മനംനൊന്തു കഴിഞ്ഞിരുന്ന ജനങ്ങൾ എ.ഡി. 68–ൽ പട്ടാളത്തെ കൂട്ടുപിടിച്ച് നീറോയെ വധിക്കാൻ പദ്ധതി തയ്യാറാക്കിവരുമ്പോൾ ഹിറ്റ്ലറെപ്പോലെ ഒളിച്ചോടി ആത്മഹത്യ ചെയ്യുകയായിരുന്നു. നീറോയിക്ക് ശേഷം വന്ന ചക്രവർത്തി ഗോൾഡൻ ഹൗസിന് അടുത്തായി ഒരു പടുകൂറ്റൻ ആംഫീ തിയേറ്റർ നിർമ്മിച്ചു. അവിടെ നീറോയുടെ കൊളോസ് എന്ന പേരിലുള്ള ഒരു ചെമ്പ് പ്രതിമയുണ്ടായിരുന്നു. അത് പിന്നീട് കൊളോസിയം എന്ന പേരിൽ ലോകപ്രശസ്തി നേടി. ആ പ്രതിമ നശിപ്പിച്ചുവെങ്കിലും ഈ പേര് ഇന്നും ജീവിക്കുന്നു. കോളോസിയത്തിന്റെ അസാധാരണത്വം കണ്ടുനില്ക്കെ നീറോ കൊളോസിയത്തെ പ്രതിനിധീകരിച്ച് ആകാശമേഘങ്ങൾ ഇളകിതെറിക്കുകയും ഭൂമിയെ വിറപ്പിച്ചുകൊണ്ട് ഇടിയും മിന്നലും കാറ്റും ഉണ്ടായി.

കൊളോസിയത്തിന്റെ ബീഭത്സകരൂപം മഴയിലും ഇടിമിന്നലിലും കണ്ടു. എന്റെ കൈയിലിരുന്ന കുട കാറ്റിൽ കുടകമ്പികളായി മാറി. മരങ്ങളുടെ കമ്പുകൾ ഒടിഞ്ഞുവീണു. മരത്തിനടുത്തുനിന്നവർ അടുത്ത കെട്ടിടത്തിലേക്ക് ഓടി. ചില പക്ഷികൾ മണ്ണിൽ ചിറകൊടിഞ്ഞു വീണു. ബംഗ്ളാദേശികൾ തല മുതൽ പാദം വരെയണിയുന്ന പ്ളാസ്റ്റിക്കുമായി ഒരോരുത്തരെ സമീപിച്ചു. ഞാനും ഒരെണ്ണം വാങ്ങി ശരീരത്തണിഞ്ഞു. പ്ളാസ്റ്റിക്ക് ശരീരങ്ങളെ വലിഞ്ഞുമുറുക്കി. കേരളത്തിലും ലോകത്തിന്റെ പല ഭാഗങ്ങളിലും കോരിച്ചൊരിയുന്ന മഴയും ഇടിമിന്നലും കണ്ടിട്ടുണ്ട്. ആദ്യമായിട്ടാണ് കാതുപിളർക്കുന്ന വിധമുള്ള ഇടിയും മഴയും മനുഷ്യരെ കാറ്റിൽ പറത്തുന്ന കൊടുംകാറ്റും കണ്ടത്. കൊളോസിയത്തിലെ മനുഷ്യത്വത്തിന് വന്നു ചേർന്ന മൃഗീയത ഇവിടുത്തെ ഇടിമിന്നലിലും മഴയിലും ഞാൻ നിരീക്ഷിക്കയുണ്ടായി.

കൊളോസിയത്തിനുള്ളിലേക്ക് പ്രവേശിച്ചാൽ ശ്രദ്ധയിൽപ്പെടുന്നത് ഭീമാകാരമായ തൂണുകളും കരിംകല്ലുകളുമാണ്. പഴമയുടെ മണവും പ്രൗഢവുമായ ഇടനാഴികൾ മുകളിലേക്ക് പോകാൻ കരിങ്കല്ലു പാകിയ സ്റ്റെപ്പുകളുണ്ട്. അതിന്റെ ഒരു കോണിൽ ലിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്. എ.ഡി.70-കളിൽ 50,000 പേർക്ക് ഇരിക്കാവുന്ന ഇരിപ്പിടമാണ് കൊളോസിയത്തിനുള്ളത്. അതിൽ ഉന്നതർക്കും പട്ടാള മേധാവികൾക്കും ചക്രവർത്തിക്കും പ്രത്യേക ഇരിപ്പിടങ്ങളുണ്ട്. കൊളോസിയത്തിന്റെ ചരിത്രമറിയാത്തവർക്ക്പോലും അതിനുള്ളിൽ കടന്നാൽ മനസ്സിൽ പ്രത്യക്ഷമായി അനുഭവപ്പെടുന്നതും ഭയം തന്നെയാണ്. അതിന്റെ കാര്യവും കാരണവും മറ്റൊന്നുമല്ല. വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ളപോരാട്ടങ്ങളും രക്തചൊരിച്ചിലുമാണ്. കൊടുംകുറ്റവാളികളെ, ക്രിസ്തീയവിശ്വാസികളെ മൃഗങ്ങൾക്ക് ഭക്ഷണമായി കൊടുത്തിരുന്നു. യൂറോപ്പിലെ പ്രശസ്തരായ ഗ്ളാഡിയേറ്റൻമ്മാർക്ക് തങ്ങളുടെ പേശിബലം തെളിയിക്കാനുള്ള ഒരു വേദി കൂടിയായിരുന്നു കൊളോസിയം. ഈ ക്രൂരതകൾ കണ്ടിരുന്ന് രസിച്ചവരിൽ ചക്രവർത്തിമാർ മാത്രമല്ല ജനങ്ങളുമുണ്ടായിരുന്നു. ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ രക്തസാക്ഷിത്വം വഹിച്ചിട്ടുള്ളതിന്റെ തെളിവുകൾ കൊളോസിയത്തിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. കൊളോസിയത്തിന്റെ മുകളിൽ നിന്ന് താഴെക്ക് നോക്കുമ്പോൾ മേൽക്കൂരയില്ലാത്ത നൂറുകണക്കിന് ചെറിയ മുറികളും, നടപ്പാതകളും, ഇരുമ്പുഗേറ്റുകളും കാണാം.

ഇവിടെയാണ് മൃഗങ്ങളെയും കുറ്റവാളികളെയും ക്രിസ്തീയ വിശ്വാസികളെയും പാർപ്പിച്ചിരുന്നത്. ഈ അഗാധഗർത്തം ഏകദേശം മുപ്പത് തൊടിയുള്ള ഒരു കിണറിന്റെ താഴ്ച കാണാം. ഇതിന്റെ ഒരു ഭാഗത്തായി വലിയൊരു കുരിശ് കാണാം. ദു:ഖവെള്ളിയാഴ്ച പോപ്പ് നടത്തുന്ന കുരിശിന്റെ വഴിയിൽ കൊളോസിയവുമുണ്ട്. കൊളോസിയത്തിൽ നിന്ന് പുറത്ത് വരുമ്പോൾ മൗനനൊമ്പരങ്ങൾ മാറി പ്രകൃതി സുഖകരമായ ഒരനുഭവമാണ് അനുഭവപ്പെട്ടത്. പുറത്ത് സഞ്ചാരികൾക്കൊപ്പം നിന്ന് അഭിനവ ഗ്ളാഡിയേറ്റർമാർ ഫോട്ടോ എടുക്കുന്നു. ഒരു കഠാര കൈയിൽ തന്നിട്ട് അടുത്ത് നില്ക്കുന്നവനെ കുത്തുന്ന രംഗം ഞാനും ആ രംഗം അഭിനയിച്ച്



ഫോട്ടോ എടുത്തു. കൊളോസിയം സ്ഥിതി ചെയ്യുന്നത് റോമൻഫോറത്തിലാണ്. പുരാതന റോമിന്റെ സാമൂഹ്യ-സാമ്പത്തിക സിരാകേന്ദ്രമായിരുന്നു റോമൻ ഫോറം. റോമൻ ഭരണകാലം ജനങ്ങൾ ഭയന്നാണ് കഴിഞ്ഞത്. കൊളോസിയം അവരുടെ മുന്നിൽ മരണത്തിന്റെ വാതിലാണ്. അതിന്റെ മൂർത്തഭാവങ്ങളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ചക്രവർത്തിഭരണത്തിനെതിരെ ശബ്ദിച്ചാൽ തല കാണില്ലെന്ന് ജനങ്ങൾക്കറിയാം. എന്നുമെന്നും പീഢനങ്ങൾ ഏറ്റുവാങ്ങി കുനിഞ്ഞ ശിരസ്സുമായി ജീവിക്കുന്ന അടിമകളുടെ ലോകം. ഇവിടേക്കാണ് ഒരു കൊടുങ്കാറ്റുപ്പോലെ ക്രിസ്തു ശിഷ്യനായ സെന്റ് പീറ്റർ കടന്നുവരുന്നത്. ചക്രവർത്തിമാരുടെ സുഖലോലുപത, ദേവിദേവന്മാരുടെ പ്രതിമകളുണ്ടാക്കി നടത്തുന്ന അന്ധവിശ്വാസ ആചാരങ്ങൾ, നരബലി, മൃഗബലി ഇവയ്ക്കെതിരെ അദ്ദേഹം ആഞ്ഞടിച്ചു. പാവങ്ങളെ പീഡിപ്പിക്കുന്ന ഭരണാധിപന്മാരെ പുറത്താക്കാൻ ജനങ്ങൾ മുന്നോട്ടുവരണമെന്ന് റോമയിലെങ്ങും അദ്ദേഹം ആഹ്വാനം ചെയ്തു. ഈ പൈശാചിക ശക്തികൾക്കെതിരെ ആഞ്ഞടിച്ചതിന്റെ ഫലമായി അദ്ദേഹത്തെ അവർ ക്രൂരമായി കൊലപ്പെടുത്തി. സെന്റ് പീറ്റർ അന്ത്യവിശ്രമം കൊള്ളുന്ന സെന്റ് പീറ്റർ ബസിലിക്കയിലേക്ക് ബസ്സിൽ ഞാൻ യാത്ര തിരിച്ചു.

**കായികരംഗത്തെ പുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന പംക്തിയാണ് മൈതാനം. സ്കൂൾ തലം മുതൽ അന്തർദേശീയ കായികമത്സരങ്ങളുൾപ്പെടെ ഇന്ത്യൻ പ്രതിഭാസാന്നിധ്യം ഇവിടെ പരാമർശിക്കപ്പെടും. അഭിനന്ദനാർഹമായ നേട്ടങ്ങളും കുറവുകൾ പരിഹരിക്കുന്നതിനു ള്ള നിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നതാകും ഈ പംക്തി.**



# മൈതാനം

റയൻ ജോസഫ്

## വിരാട് കോഹ്‌ലിക്ക് ചരിത്രനേട്ടം

ടെസ്റ്റ് ക്രിക്കറ്റിൽ ക്യാപ്റ്റനെന്ന നിലയിൽ 5000 റൺസ് നേടുന്ന ആദ്യ ഇന്ത്യൻ താരമെന്ന നേട്ടം വിരാട് കോഹ്‌ലിക്ക് സ്വന്തം. അന്താരാഷ്ട്ര തലത്തിൽ ഈ നേട്ടം സ്വന്തമാക്കുന്ന ആറാമത്തെ താരമാണ് കോഹ്‌ലി. സൗത്ത് ആഫ്രിക്കൻ മുൻ



നായകനായിരുന്ന ഗ്രെയിം സ്മിത്ത് (8659 റൺസ്), ഓസ്ട്രേലിയയുടെ അലൻ ബോർഡർ (6623 റൺസ്), ഓസ്ട്രേലിയയുടെ റിക്കി പോണ്ടിങ് (6542 റൺസ്), വെസ്റ്റ് ഇൻഡീസിന്റെ ക്ലൈവ് ലോയ്ഡ് (5233 റൺസ്), ന്യൂസിലൻഡിന്റെ സ്റ്റീഫൻ ഫ്ളെമിംഗ് (5156 റൺസ്) എന്നിവർ ആണ് കോഹ്‌ലിക്ക് മുമ്പ് പട്ടികയിൽ ഇടം നേടിയവർ. ഇൻഡോറിൽ നടന്ന ഇന്ത്യ-ബംഗ്ലാദേശ് ആദ്യ ടെസ്റ്റ് മത്സരത്തിൽ തന്നെ ഈ നേട്ടം കൈവരിക്കാനാകുമായിരുന്നെങ്കിലും റൺ ഒന്നും നേടാതെ കോഹ്‌ലി പുറത്താവുകയായിരുന്നു. കൊൽക്കത്തയിലെ ഈഡനിൽ നടന്ന പ്രഥമ ഡേ നൈറ്റ് ടെസ്റ്റ് മത്സരത്തിൽ കോഹ്‌ലി ഈ നേട്ടം കൈവരിക്കുകയായിരുന്നു.

## ഗോൾ നില 0.8 – 0

പൗലിസ്റ്റാ വനിതാ ചാമ്പ്യൻഷിപ്പ് ഫുട്ബോൾ മത്സരത്തിന്റെ രണ്ടാം പാദ ഫൈനലിൽ ആയിരുന്നു '1-0' എന്നതിന് പകരം '0.8-0' എന്ന് സ്കോർ ബോർഡിൽ കാണിച്ചത്. കളി തുടങ്ങി അഞ്ചാം മിനിറ്റിൽ സാവോ പോളോയ്ക്കെതിരെ കോറിന്ത്യൻസ് ആദ്യ ഗോൾ നേടി. എങ്കിലും സ്കോർ ബോർഡ് '0.8-0' എന്ന് തെളിഞ്ഞപ്പോൾ കാണികളെല്ലാം അമ്പരന്നു. ലിംഗ വിവേചനത്തിനെതിരെയുള്ള പ്രതിഷേധമായിരുന്നു ഇത്. ബ്രസീലിയൻ സ്ത്രീകളുടെ വേതനം പുരുഷന്മാരുടെ വേതനത്തെ അപേക്ഷിച്ച് 20 ശതമാനം കുറവാണെന്ന പഠന റിപ്പോർട്ട് പുറത്തു വന്നതിനുപിന്നാലെയാണ് മൈതാനത്ത് പ്രതിഷേധമുയർന്നത്.

മത്സരത്തിൽ 3-0ന് കോറിന്ത്യൻസ് സാവോ-പോളോയെ പരാജയപ്പെടുത്തി. സ്കോർ ബോർഡ് കാണിച്ചതാകട്ടെ '2.4-0' എന്നും ഏറ്റവും കൂടുതൽ കാണികൾ എത്തിച്ചേർന്ന ബ്രസീലിലെ വനിതാ ഫുട്ബോൾ മത്സരം കൂടിയായി, ഈ മത്സരം മാറി.





## തിരിച്ചുവരവിനായുള്ള ശ്രമത്തിനിടയിലും പരുക്കിന്റെ പിടിയിൽ കേരള ബ്ലാസ്റ്റേഴ്സ്

രണ്ടു തോൽവികൾക്കുശേഷം, ഒഡീഷ എഫ്സിക്കെതിരെ സ്വന്തം തട്ടകത്തിൽ തിരിച്ചുവരവിനു ശ്രമിച്ച ബ്ലാസ്റ്റേഴ്സ് സമനിലയിൽ തളക്കപ്പെട്ടിരുന്നു. ഈ മത്സരത്തിൽ പുതിയ നായകനായി എത്തിയ ജെയ്റോ റോഡ്രിഗസ് മൂന്ന് മിനിറ്റുകൾ മാത്രമാണ് കളിച്ചത്. പേശിവലിവ് മൂലം മൈതാനം വിട്ട നായകൻ ബ്ലാസ്റ്റേഴ്സിന് ആദ്യ നിമിഷങ്ങളിൽ തന്നെ പ്രഹരമായി. ഇതേ മത്സരത്തിന്റെ 23-ാം മിനിറ്റിൽ ഒഡീഷയുടെ കോർണർ കിക്കിനിടെയുണ്ടായ കൂട്ടിയിടിയിൽ ബ്ലാസ്റ്റേഴ്സ് താരം മെസി ബൗളിക്കും ഒഡീഷ താരം അരിഡെയ്നും ഗുരുതരമായി പരിക്കേൽക്കപ്പെട്ടു. തുടർന്ന് 50-ാം മിനിറ്റിൽ മലയാളി താരം മുഹമ്മദ് റാഫിക്കും പരിക്കേറ്റെങ്കിലും കളിയിൽ തുടരുകയായിരുന്നു. രാഹുലും സഹലും അടങ്ങുന്ന മലയാളി താരങ്ങൾ മികച്ച പ്രകടനം പുറത്തെടുത്തെങ്കിലും പന്ത് വലയിലെത്തിക്കാനായില്ല.

## ഷൂട്ടിംഗ് ലോകകപ്പിൽ ഇരട്ട സ്വർണം

ചൈനയിൽ നടക്കുന്ന ഷൂട്ടിംഗ് ലോകകപ്പിൽ മനു ഭാക്കറും എലവേനിൽ വലരീവനുമാണ് ഇന്ത്യക്കായി സ്വർണം നേടിയത്. മനുഭാക്കർ 10 മീറ്റർ എയർ പിസ്റ്റളിലും, എലവേനിൽ 10 മീറ്റർ എയർ റൈഫിളിലുമായിരുന്നു സ്വർണവേട്ട. 244.7 പോയിന്റുമായി ജൂനിയർ വിഭാഗത്തിലെ ലോക റെക്കോർഡ് തിരുത്തിക്കുറിച്ചായിരുന്നു മനു ഭാക്കർ സ്വർണം നേടിയത്. 250.8 പോയിന്റുമായി 10 മീറ്റർ എയർ റൈഫിളിൽ എലവേനിൽ സ്വർണം നേടിയപ്പോൾ നേരിയ വ്യത്യാസത്തിൽ (250.7 പോയിന്റ്) തായ്വാന്റെ ലിൻ യിങ് ഷിൻ-ന് വെള്ളിമെഡൽ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. പതിനേഴുകാരിയായ മനു ഭാക്കർ ഒളിമ്പിക്സ് യോഗ്യത നേരത്തെ തന്നെ നേടിയിരുന്നു.







# നവോത്ഥാനം വീണ്ടെടുക്കാൻ




പ്രൊഫ. എം.ഹരിദാസ്

'സമകാലിക മലയാളസാഹിത്യത്തിലെ നാടകശാഖ വളരെ ദരിദ്രമാണ് എന്ന യാഥാർഥ്യം അംഗീകരിക്കാത്ത നാടകകൃത്തുക്കൾപോലും ഉണ്ടാവില്ല. ആർട്സ് സൊസൈറ്റികൾക്കും ഉത്സവപ്പറമ്പുകളിലേക്കും ആയി പ്രൊഫഷണൽ കലാസമിതികളുടെ നാടകങ്ങളും, മത്സരങ്ങൾ ലക്ഷ്യം വെച്ച് അനേകം അമേച്വർ നാടകങ്ങളും വർഷാവർഷം എഴുതപ്പെടുകയും തട്ടിൽ കയറുകയും ചെയ്യുന്നുണ്ടെങ്കിലും അച്ചടിമഷി പുരളുന്നതിനുള്ള സൗഭാഗ്യം അപൂർവ്വം കൃതികൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. ആ പശ്ചാത്തലത്തിലാണ് ഈ.ഡി.ഡേവിസ് എഴുതിയ ഇരിക്കപ്പിണ്ഡം കഥ പറയുന്നു എന്ന നാടകം ഗയ പുത്ത കച്ചാല പ്രസിദ്ധീകരിച്ചിരിക്കുന്നു എന്ന വാർത്ത ഒരേ സമയം അത്ഭുതാഹ്ലാദങ്ങൾക്ക് കാരണമായത്. മുനയും മൂർച്ചയും ഉള്ള ശൈലിയിൽ ചിന്തയിൽ തീനാളമണക്കുന്ന ലേഖനങ്ങളും ലഘുലേഖകളും തയ്യാറാക്കുന്നതിലുള്ള ഡേവീസിന്റെ വൈഭവം പ്രസിദ്ധമാണ്. അത് വിട്ട് മറ്റൊരു ശാഖയിൽ കൈവെയ്ക്കുന്നു എന്നതാണ് അത്ഭുതത്തിന് കാരണം. നാടകശാഖക്ക് ഒരു പുതിയ ഉപലബ്ധി കൈവരുന്നത് ആനന്ദമല്ലേ? കാരണവും. ഇ.പി. രാജഗോപാലന്റെ അവതാരിക, വി.ടി.യുടെ മകൻ വാസുദേവനും ഡേവീസും എഴുതിയ ആമുഖങ്ങൾ, സാനുമാഷുടെ ആസ്വാദനകുറിപ്പ് എന്നിവയുടെ അകമ്പടിയോടെയാണ് പുസ്തകം വാ



ഇ.ഡി.ഡേവീസ്



**ഇ.പി. രാജഗോപാലന്റെ അവതാരിക, വി.ടി.യുടെ മകൻ വാസുദേവനും ഡേവീസും എഴുതിയ ആമുഖങ്ങൾ, സാനു മാഷുടെ ആസ്വാദനകുറിപ്പ് എന്നിവയുടെ അകമ്പടിയോടെയാണ് പുസ്തകം വായനക്കാരിലെത്തുന്നത്.**

യനക്കാരിലെത്തുന്നത്.

അറിയപ്പെടുന്ന ഒരു ഗദ്യകാരൻ നാടകം പോലെ പ്രതിഭയുടെ നികഷോപലമായ ഒരു ശാഖയിലേക്ക് പ്രവേശിക്കുമ്പോൾ എന്ത് സംഭവിക്കുന്നു എന്നറിയുന്നതിനുള്ള കൗതുകത്തോടെയാണ് പുസ്തകം കയ്യിലെടുത്തത്. കവിത്വത്തിന്റെ പരമോന്നതാവസ്ഥയാണ് നാടകരചന എന്ന്കേട്ട് പഠിച്ചവരാണോ നാം. കേരളത്തിന്റെ ചരിത്രമാണ് ഡേവീസിന്റെ നാടകത്തിന് ആധാരം. ഇരുപതാം നൂറ്റാണ്ടിലെ കേരളത്തിലെ സാമൂഹികജീവിതത്തിൽ ചൈതന്യത്തോടെ വർത്തിച്ച ചിലർ ഈ നാടകത്തിൽ അതേ മേൽവിലാസത്തിൽ കഥാപാത്രങ്ങളാകുന്നു. നമ്പൂതിരി സമുദായത്തിൽ പരിവർത്തനശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും അതിലൂടെ കേരളത്തിന്റെ നവോഥാനനായകനായി മാറുകയും ചെയ്ത വി.ടി.ഭട്ടതിരിപ്പാട് ആണ് കേന്ദ്ര കഥാപാത്രം.

കൂടാതെ, എം. ആർ. ബി, സഹോദരൻ അയ്യപ്പൻ, പ്രേമ്ജി, പാർവ്വതി നെന്മിനിമംഗലം.... തുടങ്ങി പലരും ഇതിൽ രംഗത്ത് വരുന്നുണ്ട്. ഇ.എം.എസ്, നാരായണഗുരു, കസ്തൂർബാ ഗാന്ധി തുടങ്ങി മറ്റു പലരെക്കുറിച്ചും പരാമർശങ്ങളും ഉണ്ട്. ജീവചരിത്രസംബന്ധമായ നോവലുകളും സിനിമയും മലയാളത്തിൽ അപരിചിതമല്ല. എന്നാൽ ബയോപ്ലേ എന്ന് വിളിക്കാവുന്ന ജീവചരിത്രനാടകങ്ങൾക്ക് ഏറെ പൂർവ്വ മാതൃകകളില്ല. കെ.പി. കേശവമേനോന്റെ മഹാത്മാ, കെ.പത്മനാഭൻ നായരുടെ കുഞ്ഞാലി മരയ്ക്കാർ, സച്ചിദാനന്ദന്റെ ഗാന്ധി തുടങ്ങ ആ വകുപ്പിൽപെട്ട നാടകങ്ങൾ മലയാളത്തിൽ വിരളമാണ്.

കേന്ദ്ര കഥാപാത്രത്തിന്റെ ജീവിതകഥ പറയൽ ഇവിടെ നാടകകൃത്തിന്റെ ലക്ഷ്യമല്ല. വി.ടിയുടെ ജീവിതം പശ്ചാത്തലത്തിൽ നിർത്തി ആ കാലഘട്ടത്തെ അവതരിപ്പിക്കാനാണ് ഡേവീസ് ശ്രമിക്കുന്നത്. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് നാടകത്തിന്റെ അവതരണം, വൃദ്ധവിവാഹവും വിജാതീയ വിവാഹവും തടയൽ, വിധവാ വിവാഹം യാഥാർഥ്യമാക്കൽ.... തുടങ്ങിയ സംഭവങ്ങളും, അതുമായി ബന്ധപ്പെട്ട ചരിത്രമുഹൂർത്തങ്ങളും കോർത്തെടുക്കുകയാണ് ഡേവീസ് ചെയ്യുന്നത്. അതുകൊണ്ടാണ് ദൈർഘ്യം കുറഞ്ഞതായിട്ടും നാടകത്തിന് പതിനഞ്ച് രംഗങ്ങൾ ഉണ്ടായത്.

അപഥസഞ്ചാരം ആരോപിച്ച് സ്ത്രീകളെ ഇരിക്കപിണ്ഡം വെക്കുന്നത് നമ്പൂതിരി സമുദായത്തിൽ പതിവായിരുന്നു. ഒരു താത്രിക്കുട്ടിയുടെ കഥയേ ലോകം അറിഞ്ഞുള്ളൂ എന്ന് മാത്രം. വൃദ്ധവിവാഹം, അകാലവൈധവ്യം, ശാരീരികവും മാനസികവും ആയ കൊടിയ പീഡനങ്ങൾ, മാറ്റക്കല്യാണം, അന്യസംസ്ഥാനങ്ങളിലേക്കുള്ള പെൺവാണിഭങ്ങൾ തുടങ്ങി നിരവധി വേദനകൾ നിറഞ്ഞതായിരുന്ന നമ്പൂതിരി സമുദായത്തിലെ പെണ്ണിന്റെ ജീവിതം. കണ്ണീർക്കണത്തിന് ഒരു മറുപേരായി മാറുന്ന അവസ്ഥയായിരുന്നു അന്തർജനങ്ങളുടേത്. അതിനൊരു പരിഹാരത്തിനായാണ് വി.ടി.അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകവുമായി സമുദായ പരിഷ്കരണത്തിനിറങ്ങിയത്. നാടകം എന്ന കല ആയുധമാക്കി മാറ്റുന്ന സാധ്യത അന്നാണ് മലയാളത്തിൽ തിരിച്ചറിയപ്പെട്ടത്. ഗാന്ധിയനായ കെ. കേളപ്പൻ ബോംബ് എന്നാണ് ആ നാടകത്തെ വിശേഷിപ്പിച്ചത്. അതിൽനിന്ന് ആവേശം കൊണ്ടാണ് വിധവയുടെ കണ്ണീര് തുടക്കാൻ എം.ആർ.ബിയും, പ്രേമ്ജിയും മറ്റും മുന്നോട്ട് വന്നത്. പ്രേമ്ജി ഋതുമതി നാടകം എഴുതിയതിന്റെ പശ്ചാത്തലവും അത് തന്നെ. തത്തക്ക് കൂട് തുറന്നുകൊടുക്കുന്ന ധർമചിന്ത സമൂഹത്തിലുണ്ടാവില്ലാ, തത്ത സ്വന്തം ചിറക് കൊണ്ടുതന്നെ കൂട് തകർക്കണം എന്ന ആശയമാണ് അദ്ദേഹം നാടകത്തിലൂടെ നല്കിയത്.

അതിനുള്ള കരുത്ത് ആർജിക്കാൻ നമ്പൂതിരി സ്ത്രീകളെ പ്രാപ്തരാക്കുന്നതിനുള്ള ശ്രമമായിരുന്നു തുടർന്ന് വി.ടിയും സംഘവും നടത്തിയത്. സജാതീയവിവാഹത്തിന്റെ പ്രാധാന്യം സമുദായത്തെക്കൊണ്ട് സമ്മതിപ്പിക്കുന്നതിന് വി.ടിക്ക് ആദ്യ വിവാഹം ഒഴിയേണ്ടിവരുന്നുണ്ട്. ഡേവീസിന്റെ നാടകത്തിലെ ഏറ്റം വികാരനിർഭരമായ രംഗമാണ് വി.ടി.മാധവിക്കുട്ടി വാരസ്യാരുമായി വേർപ്പെടുന്ന രംഗം. എന്തായാലും വി.ടിയുടെ ശ്രമങ്ങൾ ഒരു അതിർത്തി വരെ ഫലവത്തായി. സമൂഹത്തിനുണ്ടാവില്ല എന്ന് പ്രേമ്ജി ഉപദർശിച്ച ധർമബോധം സമുദായത്തിൽ വ്യാപകമാക്കാൻ അവർക്ക് കഴിഞ്ഞു. ഇരിക്കപ്പിണ്ഡമാകുമായിരുന്ന നമ്പൂതിരി സ്ത്രീകളിൽ വലിയൊരു വിഭാഗം അന്തസും അഭിമാനവും ഉള്ള കുടുംബിനികളായി മാറി.... ഈ മാറിയ സാഹചര്യത്തിൽ ആ പഴം കഥയുടെ പുനരവതരണത്തിന് എന്ത് പ്രസക്തി എന്ന് കരുതുന്നവർ ഉണ്ടാകാം. അവർ ഇന്ന് സമൂഹത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അജ്ഞരോ അജ്ഞത നടിക്കുന്നവരോ ആണ്.

നവോത്ഥാന നന്മകൾ നഷ്ടപ്പെട്ട് കേരളീയ സമൂഹം അതിവേഗം പിന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ചുറ്റും കാണുന്നത്. ഒഴിച്ചു കളഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, പേരിലെ മുറിച്ചു കളഞ്ഞ വാലും അതിവേഗം തിരിച്ചുവന്നുകൊണ്ടിരിക്കയാണ്.

അതിനെതിരെ ഒരു ഷോക്ക് ട്രീറ്റ്മെന്റ് ആണ് ഇന്ന് കേരളസമൂഹം ആവശ്യപ്പെടുന്നത്. ഡേവീസിന്റെ നാടകത്തിന്റെ പ്രസക്തി അതാണ്.

നമ്പൂതിരിഭാഷയുടെ തനിമ നിലനിർത്തി വൈകാരികാംശം നഷ്ടപ്പെടാതെ തയാറാക്കിയിരിക്കുന്ന ഈ നാടകം കലയുടേയും പ്രചാരണത്തിന്റേയും രസകരമായ മേളനമായി മാറുന്നു.

നാടകരചന ചരിതാർത്ഥ്യമാകുന്നത് വായനമുറി വിട്ട് അത് അരങ്ങത്തെത്തുമ്പോഴാണ്. തൃശൂർ രംഗചേതന ആ ദൗത്യം ഏറ്റെടുത്തിരിക്കുന്നു എന്ന അറിവ് സന്തോഷം തരുന്നു.

പുസ്തകപരിചയം

# വിപത് സന്ദേശങ്ങൾ

## ആപത്ത് വരുന്നുണ്ട് എന്ന പുസ്തകത്തിന്റെ റിവ്യൂ



ടി.ടി. പ്രഭാകരൻ

വഴിയോരങ്ങളിൽ പലയിടത്തും വന്നുപോയ ദുരന്തത്തിന്റെ അടയാളങ്ങൾപോലെ ഭൂമി പിളർന്നുകിടന്നു. വിള്ളലേറ്റ ഭിത്തികളുമായി കെട്ടിടങ്ങൾ നെടുവീർപ്പിട്ടു. സംഭവിച്ചതിൽ കൂടുതലായി എന്തൊക്കെയോ വരാൻപോകുന്നു എന്ന ഭീതിയിലായിരുന്നു എല്ലാവരും.

(ഹെൽമറ്റ് എന്ന സ്കുമാർ കൂർക്കഞ്ചേരിയുടെ മറ്റൊരു സമാഹാരത്തിലെ 'റിക്ടർ സ്കെയിൽ' എന്ന കഥയിൽനിന്ന്).

ആപത്തുകളെക്കുറിച്ച് ആശങ്ക പുലർത്തുന്നവരാണ് എഴുത്തുകാർ. ഭൂമിയുടെ നിലനിൽപിനെപ്പറ്റിയും മനുഷ്യജീവിതത്തെക്കുറിച്ചുമുള്ള വലിയ ഉത്കണ്ഠകൾ മുതൽ ഒരു കുട്ടിക്കോ അല്ലെങ്കിൽ ഒരു പക്ഷിക്കോ സംഭവിച്ചേക്കാവുന്ന ചെറിയ അപകടങ്ങളെക്കുറിച്ചു പോലുമുള്ള ഭയാശങ്കകൾ അയാളെ വേട്ടയാടിക്കൊണ്ടിരിക്കും. ഇത്തരം ഉൽക്കണ്ഠകളാണ് സുകുമാർ കൂർക്കഞ്ചേരിയുടെ ആപത്ത് വരുന്നുണ്ട് എന്ന സമാഹാരത്തിലുള്ളത്.

കഥാസമാഹാരത്തിന്റെ ശീർഷകംതന്നെ, അപകടം വിളിച്ചറിയിക്കുന്നതുപോലെ ആപത്ത് വരുന്നുണ്ട് എന്ന് നല്കുമ്പോൾ, അനുവാചകൻ അത് ഒരു നടുക്കമുണ്ടാക്കാൻ പര്യാപ്തമാണ്. അനിശ്ചിതമായി നീങ്ങിക്കൊണ്ടിരിക്കുന്ന ജീവിതത്തിൽ എന്തൊക്കെ സംഭവിക്കും എന്ന് ആർക്കും പറയാൻ വയ്യാത്തവിധം ഭയാശങ്കകൾ മനുഷ്യനെ അലട്ടുന്നുണ്ട്. ഈ സന്ദർഭത്തിൽ 'ആപത്ത് വരുന്നുണ്ട്' എന്നൊരാൾ ഉറക്കെ വിളിച്ചുപറയുമ്പോൾ എല്ലാവരും ചകിതമായ മനസോടെ ചെവിയോർക്കുകതന്നെ ചെയ്യും. ആർക്കാണ് ആപത്ത് വരുന്നത്? എനിക്കാണോ, നിനക്കാണോ, നിങ്ങൾക്കാണോ, നമ്മൾക്കാണോ എന്നെല്ലാമുള്ള ആധി അതോടെ മുളപൊട്ടുകയായി. കഥകൾ വായിച്ച് അതിലെ ഉൽക്കണ്ഠകൾ പങ്കിടുമ്പോൾ കഥാകൃത്ത് വെറുതെയല്ല അത്തരമൊരു മുന്നറിയിപ്പു നൽകുന്നതെന്ന് അനുവാചകന് ബോദ്ധ്യപ്പെടും. കാരണം മനുഷ്യകുലം കടന്നുപോകുന്ന ഇന്നത്തെ സവിശേഷ സാഹചര്യങ്ങളിൽ അവർ അഭിമുഖീകരിക്കുന്ന ഒട്ടേറെ ആശങ്കകളെയും ഭയങ്ങളെയുമാണ് മൂർത്തമായ ചില സന്ദർഭങ്ങളിൽ അല്ലെങ്കിൽ ചില നിമിഷങ്ങളിൽവെച്ച് കഥയാക്കി പരിവർത്തിപ്പിക്കുന്നത്, ഈ കഥാകൃത്ത്. സുകുമാർ കൂർക്കഞ്ചേരിയുടെ




മുൻകാല കഥകളിലും ഇത്തരത്തിലുള്ള വിപത് സന്ദേശങ്ങളുണ്ട് എന്നതിനു തെളിവാണ് 'റിക്ടർ സ്കെയിൽ' എന്ന കഥയിൽ നിന്നെടുത്ത ഉദ്ധരണി.



സുകുമാർ കൂർക്കഞ്ചേരി

'മകൻ' എന്ന സുകുമാർ കൂർക്കഞ്ചേരിയുടെ കഥ സമകാലികമായ വലിയൊരു ഉൽക്കണ്ഠയെ, അല്ലെങ്കിൽ വരാൻ പോകുന്ന ദുരന്തത്തെ, ഓർമിപ്പിക്കാൻ ശക്തമാണ്. ശാസ്ത്രത്തിന്റെ വികാസം മനുഷ്യജീവിതത്തിന് വളരെയേറെ സാധ്യതകൾ തുറന്നുതന്നു എന്നു സമ്മതിക്കുമ്പോൾതന്നെ അതുകൊണ്ടുണ്ടാവുന്ന ചി

ല വിപത്തുകളെകുറിച്ചുകൂടി ആലോചിക്കാതിരിക്കാനാവില്ല. അത്തരമൊരു ആലോചനയുടെ ഫലമാണ് 'മകൻ' എന്ന കഥ എന്നു നിസ്സംശയം പറയാം. ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യജീവിതത്തിലുണ്ടാക്കുന്ന മാറ്റങ്ങളെ ഇത്ര ആഴത്തിൽ സമീപിക്കുന്ന കഥകൾ മലയാളത്തിൽ അധികം ഉണ്ടായതായി തോന്നുന്നില്ല. എന്നാൽ കഥാകൃത്തിന്റെ ആശങ്ക ഈ കഥയിലെവിടെയും പ്രത്യക്ഷമല്ല എന്നതാണ് അതിന്റെ സവിശേഷത.

യഥാതഥ രീതിയിലെന്നോണം രചിക്കപ്പെട്ട കഥയിലെവിടെയും അസ്വാഭാവികമായി എന്തെങ്കിലും സംഭവിക്കുന്നു എന്ന സൂചനകളില്ല. ബയോടെക് വിപ്ലവം സാധ്യമാക്കിയ ഒരു ലോകത്ത് ജീവിക്കുന്ന ചെറിയ ഒരു കുടുംബത്തിന്റെ ജീവിതത്തിൽനിന്നുള്ള ഒരു ഖണ്ഡം മാത്രമാണത്. ജനിതക വ്യതിയാനം (Genetically modified) വരുത്തിയ പച്ചക്കറികളും മീനുകളും മറ്റും സർവ്വസാധാരണമായ ഒരു ലോകമാണത്. അതുകൊണ്ടാണ് രാജുവിന്റെയും ട്രീസയുടെയും മകൻ കൃഷ്ണന്, ഫുട്ബോളിന്റെ വലിപ്പമുള്ള അമേരിക്കൻ പേരയ്ക്കയോ, ചില്ലുകൂട്ടിൽ കൺമുന്നിൽവെച്ച് നിമിഷങ്ങൾക്കകം വളർച്ചമുറ്റുന്ന ഒരു കരിമീനിനെയോ കാണുമ്പോൾ ഒട്ടും അത്ഭുതം കൂറാത്തത്. മീനും മാടും മരവുമൊക്കെ വളർന്നുവലുതാവാൻ മാസങ്ങളും വർഷങ്ങളും വേണമെന്നിരിക്കെ പുതിയലോകത്ത് അതിന് നിമിഷങ്ങൾ മതി എന്ന അറിവ് ഒരുപക്ഷേ വായനക്കാരനെ ആഹ്ലാദിപ്പിക്കുകയും അതേസമയം അമ്പരപ്പിക്കുകയും ചെയ്തേക്കാം. ഇത് പച്ചക്കറികൾക്കും മീനിനും മാത്രമല്ല ബാധകമാകുന്നത്. പൂക്കൾക്കും മറ്റെല്ലാ കാഫലങ്ങൾക്കുമെന്നപോലെ മനുഷ്യക്കുഞ്ഞുങ്ങളിലും ഇതു പ്രാവർത്തികമാക്കാം എന്ന ഞെട്ടിപ്പിക്കുന്ന സത്യമാണ് കഥാകൃത്ത് നമുക്കു മുന്നിൽ വയ്ക്കുന്നത്. കൃഷ്ണ് കുഞ്ഞിലേ വളർച്ച മുറ്റുന്നതിന്റെ ചില സൂചനകൾ കഥാകൃത്ത് നല്കുന്നുമുണ്ട്.

പൈലറ്റായ അച്ഛനോടൊപ്പം പോകാനും അയാൾക്കൊപ്പമിരുന്ന് വിമാനം പറപ്പിക്കാനുമാണ് കൃഷ്ണ് വാശിപിടിക്കുന്നത് എന്നതിന്റെ സൂചന മറ്റൊന്നല്ല. മാത്രമല്ല കൃഷ്ണിനെപ്പോലുള്ള കുട്ടികളെ ആകർഷിക്കുന്നത് മാജിക്കുകാരൻ പ്രൊഫസറുടെ ചില വിദ്യകളാണ്. അയാൾ കല്ലെടുത്തു മുകളിലേക്കിടുമ്പോൾ അതൊരു ബോംബാകുന്നു; ഒരു പുല്ലെടുത്ത് ഒടിച്ചപ്പോൾ തോക്ക്; കാലിയായ ഇരുമ്പുപെട്ടി കമഴ്ത്തുമ്പോൾ നിറയെ കത്തി, കഠാര, ആയുധങ്ങൾ, ഇതിലെല്ലാം കൊതിയൂറിക്കൊണ്ട് നോക്കിനിൽക്കുന്ന, പുതിയകാലത്തെ കുട്ടികളെ കാണിച്ചുതരികയാണ് കഥാകൃത്ത്. കുട്ടികളുടേതായ ലോകം അവർക്കു നഷ്ടപ്പെട്ടുകഴിഞ്ഞുവെന്നും നേരിട്ടവർ എത്തിച്ചേരുന്നത് മുതിർന്നവരുടെ ലോകത്തിലേക്കാണെന്നും ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു എഴുത്തുകാരൻ. പിണങ്ങിയിരിക്കുന്ന കൃഷ്ണിനെ അനുനയിപ്പിക്കാൻ വേണ്ടി, ട്രീസ കൈനീട്ടുമ്പോൾ, 'ഒരു യുദ്ധമവസാനിച്ചു കാണാനുള്ള താല്പര്യത്തോടെ' അവനെ തൊട്ടു എന്നാണ് കഥാകൃത്ത് എഴുതുന്നത്. ആയുധങ്ങളുടെ സമൃദ്ധിയിൽ തഴച്ചുവളരുന്ന ഒരു ലോകത്തിന് അതിനു യോജിക്കുന്ന ഒരു പിൻ തലമുറ തയ്യാറായിവരുന്നു എന്ന സൂചനയാവാമിത്. കളിപ്പാട്ടങ്ങളോട് തീർത്തും ഉദാസീനരാവുകയും ആയുധങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നവരാണ് പുതുതലമുറ. ട്രീസ നല്കിയ പൂവ് നിഷ്കരുണം നിരസിക്കുകയും പിന്നീട് അവളുടെ കൈയിൽനിന്ന് തോക്കു വാങ്ങി നരവേട്ടക്കിറങ്ങുകയും ചെയ്യുന്നുണ്ട് കൃഷ്ണ്.

ട്രീസ തന്റെ മകന് ഭർത്താവിനോടുപോലും ചോദിക്കാതെ, 'കൃഷ്ണ്' എന്നു പേരിടുന്നത്, ഒരു യുദ്ധം ഒഴിവാക്കാമായിരുന്നിട്ടും അതിനു തുനിയാതിരുന്ന മഹാഭാരതത്തിലെ സാക്ഷാൽ കൃഷ്ണന്റെ 'സ്മാർട്ട്നെസ്' ഏറെ മനസിൽ പിടിച്ചതുകൊണ്ടാണത്രെ. അതുകൊണ്ടുതന്നെയാവാം വാശിപിടിക്കുന്ന മകനെ അനുനയിപ്പിക്കാൻ, ഒടുവിൽ നിറച്ചുവെച്ച റിവോൾവർ തന്നെ അവൾ നല്കുന്നത്. ആ റിവോൾവറുമായി ആളുകളെ കുത്തിനിറച്ച ബസിനെ ലക്ഷ്യംവെച്ച് അവൻ ഓടുകയാണ്. 'ഓടിക്കൊണ്ടിരിക്കുകയാണ് അവനിപ്പോൾ' എന്ന വർത്തമാനകാലത്തിലാണ് കഥ അവസാനിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ആസുരമായ ഒരു കാലത്തിന്റെ പ്രതിനിധികളായി കുട്ടികൾ മാറുന്നതോടെ ഏതു സമയത്തും അത്തരത്തിലൊരു ദുരന്തവാർത്ത കേൾക്കാൻ സന്നദ്ധരായിരിക്കാൻ കഥാകൃത്ത് വായനക്കാരനോട് പറയുന്നു.

മനുഷ്യൻ ഭൂമുഖത്ത് അഭിമുഖീകരിക്കാൻ പോകുന്ന മറ്റൊരു വലിയ ദുരന്തം പ്രകൃതി നശീകരണത്തിന്റേതായിരിക്കും. ഈ ദുരന്തസൂചന നല്കുന്ന, പാരിസ്ഥിതികമായ വിവേകത്തോടെ എഴുതപ്പെട്ട കഥകൾ പലതുണ്ട് ഈ സമാഹാരത്തിൽ. 'തീവണ്ടികൾ ഞങ്ങളുടെ ഭാഗ്യം'. 'ഇലച്ചീന്ത്', 'ഒക്ടോബർ', 'കണ്ണുകളിനി തുറക്കില്ല', 'ഇലയുടെ കൂട്ടുകാരൻ കിളി' തുടങ്ങിയ കഥകൾ ആ ഗണത്തിൽ പെടുത്താവുന്നവയാണ്. 'തീവണ്ടികൾ ഞങ്ങളുടെ ഭാഗ്യം' എന്ന കഥയിൽ ഗ്രാമത്തെ വിഴുങ്ങുന്ന യാന്ത്രികതയുടെയും യന്ത്രാശ്രിത ജീവിതത്തിന്റെയും പ്രതിരൂപമായി കടന്നുവരുന്നത് 'തീവണ്ടി' കളാണ്. അതിന്റെ കടന്നുവരവോടെ നിലങ്ങൾ കിട്ടിയ കാശിനു വില്ക്കുകയും മുറ്റത്തെ കിണറുകൾ തൂർക്കുകയും പൈപ്പുവെള്ളം ശീലമാക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമീണ ജനത, 'ഒന്നോർത്താൽ ഈ തീവണ്ടികളാ നമ്മുടെ ഭാഗ്യം കുട്ടികളേ.... ആളെ നെറച്ചുപോണ വേഗത്തിൽത്തന്നെ അരീം സാധനങ്ങളുംകൊണ്ട് തിരിയേ വരേം ചെയ്യുന്നു. നമുക്കൊന്നും അറിയേണ്ടല്ലോ' 'പൂട്ടേം വെതയ്ക്കേം കൊയ്യേം മെതിക്കേം ഒന്നും വേണ്ട' എന്നിങ്ങനെ കഥയിലൊരിടത്ത് പറയുന്നുണ്ട്. ഇത് ഇന്നു കേരളം പൊതുവെ പങ്കുവയ്ക്കുന്ന ഒരു മനോഭാവത്തിന്റെ നേർപകർപ്പാണ്.

പ്രകൃതിധ്വംസനത്തെ മനസിലാക്കുകയോ അതുകൊണ്ടുള്ള വരുംവരായ്കകൾ തിരിച്ചറിയുകയോ ചെയ്തുകൊണ്ടല്ല മനുഷ്യർ അത്തരം കാര്യങ്ങളോട് വിമുഖത കാണിക്കുന്നത് എങ്കിലും അവരുടെ നിസംഗത ശ്രദ്ധിക്കപ്പെടാതെ പോകരുതെന്ന് കഥാകൃത്തിന് നിർബന്ധമുണ്ട്. പ്രത്യക്ഷത്തിൽ പ്രകൃതിക്കുവേണ്ടി വക്കാലത്തു പറയുന്നില്ല ഇവിടെയും കഥാകാരൻ. എങ്കിലും കഥയുടെ ആഖ്യാനംകൊണ്ട് പ്രകൃതിയെ വെട്ടിനിരത്തിയുണ്ടാക്കുന്ന വികസനത്തെ ആശങ്കയോടെ സമീപിക്കാൻ വായനക്കാരനെ ജാഗ്രതയുള്ളവനാക്കാൻ അദ്ദേഹത്തിനു കഴിയുന്നു.

'ഇലച്ചീന്ത്' എന്ന കഥ പ്രത്യക്ഷത്തിൽത്തന്നെ പ്രകൃതിനാശത്തെ അടയാളപ്പെടുത്തുന്നുണ്ട്. വേനലിന്റെ കാഠിന്യവും മാറുന്ന പ്രകൃതിയും മറ്റും നേരിൽക്കാണാനാവുന്നവിധം അതിൽ ചിത്രീകരിച്ചിരിക്കുന്നു. ഉണ്ണി അച്ഛന്റെ ശ്രാദ്ധത്തിനു തയ്യാറെടുക്കുന്നത് തികച്ചും പ്രതികൂലമായ പരിതസ്ഥിതിയിലാണ് – വെള്ളമില്ലാത്ത കുളക്കടവ്, ഉണങ്ങിയ കറുകപ്പുല്ല്, നാക്കിലപോലുമില്ലാത്ത അവസ്ഥ. ഇലയ്ക്കു പകരം വിനോദസഞ്ചാരവകുപ്പിന്റെ വലിയ കലണ്ടറിൽനിന്ന് വെട്ടിയെടുത്ത പച്ചനിറമുള്ള ഒരിലച്ചീന്തിന്റെ പടമാണ് ഉണ്ണി ഉപയോഗിക്കുന്നത്. ഒടുവിൽ, പിണ്ഡം കൊത്താൻ കാക്ക വരാതിരുന്നപ്പോൾ കീ കൊടുത്താൽ പറന്നു നടക്കുന്ന കാക്കയോ കിട്ടോ എന്ന് ഒരു ഗൾഫുകാരനോട് ഉണ്ണി അന്വേഷിക്കുന്നുണ്ട്. കുറെയേറെ പരിഹാസവും വേദനയും ഇഴപിരിച്ചാണ് ഈ കഥ സുകുമാർ കൂർക്കഞ്ചേരി എഴുതിയിരിക്കുന്നത്.

'കണ്ണുകളിനി തുറക്കില്ല' എന്ന കഥയിൽ ജനാലയ്ക്കൽ എന്നും തന്നെ തേടിയെത്തുന്ന കിളിയുമായി സവിശേഷമായ ഒരു ബന്ധം സ്ഥാപിക്കുകയാണ് നായകകഥാപാത്രം. അയാളുടെ ഭാര്യയും മകനും ആ ആത്മബന്ധത്തെ സംശയത്തോടെ വീക്ഷിക്കുന്നു. അവർക്കു ലഭിക്കേണ്ട സ്നേഹം അയാൾ ആ കിളിക്കു നല്കുന്നുണ്ടോ എന്ന് അവർ ശങ്കിച്ചിരിക്കാം. എന്തായാലും അയാളുടെ ഭാര്യ ഒരു കിളിയെ ഹിംസിക്കുന്നിടത്തോളം എത്തുന്നു കഥ. പ്രകൃതിയുടെ സജീവ സാന്നിദ്ധ്യങ്ങളായ പക്ഷികളോടും മൂല്യങ്ങളോടുമുള്ള ക്രൂരത പ്രകൃതിധ്വംസനത്തിന്റെ ഭാഗം തന്നെയാണ്. 'ഇലയുടെ കൂട്ടുകാരൻ കിളി' എന്ന മറ്റൊരു കഥയിൽ ഇലയും കിളിയുമായുള്ള സംഭാഷണമാണ് പ്രധാനം. ജീവിതത്തെ ദർശനങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും കാഴ്ചപ്പാടിൽ കണ്ടുകൊണ്ടുള്ള ഈ സംഭാഷണങ്ങളിൽ സമകാലികമായ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സംഭവവികാസങ്ങളും ഇടംപിടിക്കുന്നു. സോളാർ വിവാദനായിക സരിതാനായരും ശാലുവുമെല്ലാം ഈ സംഭാഷണങ്ങളിൽ കടന്നുവരുന്നത് കഥയുടെ കെട്ടുറപ്പിനെയും തത്വശാസ്ത്രത്തിലൂന്നിക്കൊണ്ടുള്ള മറ്റു സംഭാഷണഭാഗങ്ങളുടെ ഗൗരവത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. മാധ്യമങ്ങളുടെ, ആ വിഷയത്തിലുള്ള താല്പര്യം നശിച്ചതോടെ ഈ കഥാപാത്രങ്ങൾ ഇപ്പോൾത്തന്നെ ജനങ്ങളുടെ ഓർമകളിൽനിന്ന് വിസ്മൃതമായിരിക്കുന്നു. പില്ക്കാലത്ത് ഇവ വായിക്കുമ്പോൾ ആരാണ് ആ കഥയിൽ പരാമർശിക്കപ്പെട്ടവർ എന്ന് അന്നത്തെ വായനക്കാർ അദ്ഭുതപ്പെട്ടേക്കാം. അതിവിടെ നില്ക്കട്ടെ. പ്രകൃതിയോടുള്ള കഥാകൃത്തിന്റെ ആഭിമുഖ്യത്തെക്കുറിച്ചാണല്ലോ പറഞ്ഞുവന്നത്. ഈ കഥയിൽ, വൃക്ഷങ്ങൾക്കും ഇലകൾക്കും ഇച്ഛാശക്തി പ്രകടിപ്പിക്കാൻ അവസരം തന്നില്ലല്ലോ ദൈവം എന്ന് ഖേദം പ്രകടിപ്പിക്കുന്നുണ്ട് കഥാകൃത്ത്. കഥാന്ത്യത്തിൽ, അതിലെ മരമുത്തശ്ശിയും വെട്ടിവീഴ്ത്തപ്പെടുന്നു. സത്യത്തിൽ നരഹത്യയും പ്രകൃതിധ്വംസനവും തമ്മിൽ ഭേദം കാണേണ്ടതില്ല. ഹിംസാത്മകമായ മനസ്സാണ് പ്രകൃതിചൂഷണത്തിനിറങ്ങുന്നതെന്നു വ്യക്തം. അതിനെതിരെ നില്ക്കുന്ന ഒരു മനസ്സാണ് സുകുമാർ കൂർക്കഞ്ചേരിയുടെ ഈ കഥകളിൽ മുഴങ്ങികേൾക്കുന്നത്. ബുദ്ധധർമ്മങ്ങളെ ആദരിക്കുകയും പിന്തുടരാനാഗ്രഹിക്കുകയും ചെയ്യുന്ന ഒരു കഥാകൃത്തെന്ന നിലയിൽ അതിൽ അത്ഭുതത്തിനവകാശമില്ല. അതുകൊണ്ടുതന്നെ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനത്തെ സന്ദേഹത്തോടും ആശങ്കയോടെയുമാണ് അദ്ദേഹം കാണുന്നത്.

'കുന്നും മാളികയും മറ്റും' എന്ന കഥയിൽ സമ്പത്തും ആയുധവും കൊണ്ട് ലോകത്തെ മുഴുവൻ കീഴടക്കാമെന്നു കരുതുന്ന ഒരു കഥാപാത്രത്തെ കാണുന്നു. എന്നാൽ അയാൾക്ക് ലോകത്തെ മുഴുവൻ ഭയമാണ് ; സ്വന്തം മകനേയും ഭാര്യയേയും വേലക്കാരിയെപ്പോലും ഭയപ്പെടുകയും സംശയദൃഷ്ടിയോടെ കാണുകയും ചെയ്യുന്നു ആ മനുഷ്യൻ. അസാധാരണമാംവിധം ധനവും ആയുധങ്ങളും ആർജ്ജിച്ചെങ്കിലും ഭയമാകുന്നു അയാളുടെ സ്ഥായീഭാവം. മനുഷ്യരെ വിഭജിക്കുന്ന എല്ലാതരം തന്ത്രങ്ങളെയും അയാൾ ന്യായീകരിക്കുകയും അതിൽ ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു അയാൾ. ഹിംസയെ കൊടിയടയാളമായി ഉയർത്തിപ്പിടിക്കുന്നതാണ് അയാളുടെ മനസ്. 'ഒക്ടോബർ' എന്ന കഥയിൽ ധാർമ്മികത, സദാചാരം, വികസനം എന്നിവയെ മാത്രമല്ല ബുദ്ധധർമ്മത്തെപ്പോലും സംശയിക്കുകയും ചോദ്യം ചെയ്യുകയുമാണ്. എന്നാൽ ഈ മാനസികാവസ്ഥ സൃഷ്ടിക്കപ്പെടുന്നത് സമകാലികമായ, മൂല്യനിരാസം സംഭവിച്ച ഒരു സമൂഹത്തിൽ ജീവിക്കുമ്പോഴുള്ള നിരാശയിൽ നിന്നാവാം. ജീവിതം ധർമ്മത്തിനും തത്വചിന്തയ്ക്കും മാറ്റിവെച്ചാൽ പിന്നെ എപ്പോഴാണ് നാം ജീവിക്കുക എന്ന് ചോദിക്കുകയും, 'ജീവിക്കുക എന്നാൽ ധർമ്മത്തെ ത്യജിക്കുക എന്നാണർത്ഥം' എന്ന് ഉത്തരം കണ്ടെത്തുകയും ചെയ്യുന്നുണ്ട് ഈ കഥയിൽ ('ഒക്ടോബർ'). ബുദ്ധദർശനത്തെപ്പോലും തിരുത്തുന്ന ഒരു കണ്ടെത്തലാണത് എന്നു പറയാതെ വയ്യ. ഇതു മാത്രമല്ല ലോകത്തിലേറ്റവും സഹതാപമർഹിക്കുന്നവൻ ബുദ്ധ

നാണെന്നും യഥാർത്ഥ സ്നേഹം അദ്ദേഹത്തിനു കിട്ടിയില്ല എന്നുംകൂടി ഈ കഥയിലൊരിടത്ത് പറയുന്നുണ്ട്.

പ്രമേയത്തിലും കഥാശൈലിയിലും എം. സുകുമാരനെ ഓർമ്മിപ്പിക്കുന്നു 'ഇ വേലായുധൻ നായർ വക', 'ഒരു പൂനുള്ളി മാറ്റുംപോലെ' എന്നീ കഥകൾ. ജാതി എങ്ങനെ ഒരു മനുഷ്യന്റെ ജീവിതത്തിൽ ഇടപെടുന്നു എന്നതാണ് 'ഇ വേലായുധൻ നായർ വക' എന്ന കഥ പ്രശ്നവൽക്കരിക്കാൻ ശ്രമിക്കുന്നത്. ഒരുവന്റെ ജാതി എവിടെ എങ്ങനെ തീരുമാനിക്കപ്പെടുന്നു, അതിന് അവന്റെ പിൽക്കാല ജീവിതത്തിലുള്ള സ്വാധീനമെന്ത് എന്നിങ്ങനെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഈ കഥ മുന്നോട്ടുവയ്ക്കുന്നുണ്ട്. മുറിച്ചെറിയാൻ കഴിയാത്തവണ്ണം കുരുക്കുപോലെ മുറുകുന്ന ജാതി എന്ന വാൽ ഒരു മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുന്ന പതനത്തിന്റെ ആഴം ഈ കഥയിൽ കാണാം. പണവും അധികാരവും എവിടെയും അഹന്തയോടെ വാഴുകയും വിജയപതാക പറപ്പിക്കുകയും ചെയ്യുന്നതാണ് ഈ കഥയിലുടനീളം കാണുക. 'പണം ചെലവാക്കിപഠിപ്പിച്ചവന് അതു തിരിച്ചുകിട്ടാനുള്ള അവകാശമുണ്ട്' എന്ന ഗീവറുഗീസ് ഡോക്ടറുടെ തത്ത്വശാസ്ത്രം ഇന്നത്തെ സമൂഹത്തെ അടക്കിവാഴുന്ന ഭരണവർഗത്തിന്റെ പ്രത്യയശാസ്ത്രംതന്നെയാണ്. സ്നേഹം, വിധേയത്വം, സഹതാപം എന്നിവയെ തെറ്റിദ്ധരിക്കുകയും മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നതും ഈ കഥയിൽ കാണാനാവുന്നുണ്ട്. അതുകൊണ്ടാണ് ഈ വേലായുധൻനായരുടെ മകനു പിറകെ ഹാജിയാരുടെ മക്കൾ കൊല്ലാനായി ഓടിയെത്തുന്നത്.

'ഒരു പൂനുള്ളിമാറ്റുംപോലെ' എന്ന കഥയിലെ അഭിമന്യു ഒരുപാടു പേർക്ക് ആശ്വാസവും ധൈര്യവും പകർന്നുകൊടുക്കുന്നവനും അവരുടെ മനസിലെ രോഷാഗ്നി കെടാതെ സൂക്ഷിക്കുന്നവനും ആയിരുന്നു. എന്നാൽ പട്ടണത്തിലെ സമ്പന്നന്മാരോട് ഒളിഞ്ഞും തെളിഞ്ഞും ഏറ്റുമുട്ടിയതോടെ അവന്റെ വിധിയും തീരുമാനിക്കപ്പെട്ടു. ചെറുത്തുനില്പും പോരാട്ടവുമെല്ലാം വെറുതെയാവുന്ന മനുഷ്യനെ നിസ്സഹായനാക്കുന്ന പുതുവ്യവസ്ഥിതിയുടെ ഭീകരാവസ്ഥയാണ് ഈ കഥകളിലൂടെ തുറന്നുകാണിക്കപ്പെടുന്നത്.

വിരുദ്ധോക്തിയിൽ അവതരിപ്പിക്കുന്ന കഥകളാണ് 'കുന്നും മാളികയും മറ്റും', 'തീവണ്ടികൾ ഞങ്ങളുടെ ഭാഗ്യം' എന്നിവ. ഐറണിയുടെ ഉപയോഗം പല കഥകളിലെയും വാക്യങ്ങളിലും ഖണ്ഡികകളിലും കാണുമെങ്കിലും ഈ കഥകളിൽ അവ പ്രത്യക്ഷമാണ്. 'പകൽപ്പൂരം', 'ഇലയുടെ കൂട്ടുകാരൻ കിളി' എന്നീ കഥകളിൽ പരിഹാസത്തിന്റെ ഉപയോഗമാണ് ശ്രദ്ധേയം. പരിഹാസത്തോടെയുള്ള കൂട്ടിച്ചേർക്കലുകൾക്ക് ഉദാഹരണമാണ് ഈ രണ്ടു കഥകളിലെയും ചില ഭാഗങ്ങൾ. ഭാർഗവരാമകഥ പറയുമ്പോൾ (പകൽപ്പൂരം) 'വയനാട്ടിലെ കൈയേറിയ വനപ്രദേശങ്ങൾ എത്ര ചടുലമായും ധീരമായും ഈ ഭാർഗവരാമന് ഒഴിപ്പിച്ചെടുക്കാൻ കഴിഞ്ഞേനെ' എന്നു കൂട്ടിച്ചേർക്കുന്നുണ്ട്. അതേകഥയിൽ നായ ക്ഷേത്രമതിൽക്കകത്തു കയറിയാൽ പുണ്യാഹം വേണം എന്നു പറയുന്നതിന് അനുബന്ധമായി നായയോടൊപ്പം സഞ്ചരിച്ച ഈച്ചയ്ക്ക് എവിടെയും കടന്നുചെല്ലാം എന്ന് എഴുതുന്നുണ്ട്. സോളാർ വിവാദത്തിൽപ്പെട്ട സരിതനായർ, ശാലു; ഗുജറാത്ത് ഏറ്റുമുട്ടൽ കേസിലെ ഇസ്രത്ത് ജഹാൻ; ഹോളിവുഡ് നടൻ ടോംക്രൂസ് എന്നിവരുമായി ബന്ധപ്പെട്ട ഉപകഥകൾ 'ഇലയുടെ കൂട്ടുകാരൻ കിളി'യിൽ കൂട്ടിച്ചേർക്കുന്നതും പരിഹാസ്യദ്യോതകമായിത്തന്നെയാണ്. സ്വാതന്ത്ര്യം നേടിയ ഇന്ത്യ അതിലെ പൗരന്മാരെ കള്ളനും കൊലപാതകിയുമാക്കാനാണ് നിർബന്ധിതരാക്കുന്നതെന്ന ആശയം 'രാമനുണ്ണിയുടെ ഇന്ത്യ' എന്ന കഥയിൽ അവതരിപ്പിക്കുമ്പോഴും ഇതേ പരിഹാസം കാണാനാവും. അതോടൊപ്പം ആഴത്തിലുള്ള നിരാശയും നിസ്സഹായതയും കൂടിയുണ്ടെന്ന് കഥാസന്ദർഭങ്ങൾ പരിശോധിക്കുമ്പോൾ ബോധ്യമാകും. അതുകൊണ്ടുതന്നെ സമകാലികമായ സാമൂഹ്യ-രാഷ്ട്രീയ പരിസരങ്ങളോടുള്ള ശക്തമായ പ്രതികരണമെന്ന രീതിയിൽ വേണം അവ വായിക്കപ്പെടേണ്ടത്.

'ആപത്ത് വരുന്നുണ്ട് എന്ന സമാഹാരത്തിലെ ശില്പപരമായി മികവു പുലർത്തുന്ന രണ്ടു കഥകൾ 'മകൻ', 'ആണിക്കടയിലെ കൊടുങ്കാറ്റ്' എന്നിവയാണ്. അതായത് ഈ സമാഹാരത്തിലെ ആദ്യത്തേയും അവസാനത്തേയും കഥകൾ. ക്രാഫ്റ്റിന്റെ കാര്യത്തിൽ ഏറെക്കുറെ പണിക്കുറതീർന്നവയാണവ രണ്ടും എന്നു പറയാം. മറ്റുള്ളവയുടെ കാര്യത്തിൽ അത്രത്തോളം പറയാനാവില്ലെങ്കിലും 'കണ്ണുകളിനി തുറക്കില്ല', 'ഇ വേലായുധൻ നായർ വക', 'ഒരു പൂനുള്ളി മാറ്റുംപോലെ', 'കടൽക്കരയിൽ' 'ആകാശം തുളച്ച് ഒരൂഞ്ഞാൽ', 'രാമനുണ്ണിയുടെ ഇന്ത്യ' തുടങ്ങിയ കഥകളും ശില്പപരമായി ചെയ്യപ്പെട്ടവയാണ്. ശില്പപരമായി അയഞ്ഞസ്വഭാവം പുലർത്തുന്നവയാണ് 'ഇലയുടെ കൂട്ടുകാരൻ കിളി', 'പകൽപ്പൂരം' തുടങ്ങിയ കഥകൾ. ബാഹ്യമായ ചില ഉപകഥകൾ അതിൽ ചേർക്കാൻ കഥാകൃത്ത് ഉത്സാഹിക്കുന്നതുകൊണ്ടാണ് ശില്പപരമായ ദാർഢ്യം നഷ്ടപ്പെടുന്നത്. പറയാൻ ഉദ്ദേശിക്കുന്നതെന്തോ അതിന്റെ ആത്മാവു ചോർന്നുപോകത്തക്കവിധം ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന ബാഹ്യമായ കാര്യങ്ങൾ അവയിൽ കുത്തിച്ചെലുത്തിയിരിക്കുന്നു. 'ആണിക്കടയിലെ കൊടുങ്കാറ്റ്' നേർരേഖയിലുള്ള ഒരു ആഖ്യാനമാണെങ്കിലും വളരെ ശക്തമായ ഒരു കഥയായി വായനക്കാർക്ക് അനുഭവപ്പെടുന്നത് അതിലെ സാഹചര്യവും സന്ദർഭവുമെല്ലാം സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടാണ്. ചായക്കപ്പിലെ കൊടുങ്കാറ്റിന് സമാനമെന്നോണം കാര്യമായ ചലനമുണ്ടാക്കാൻ പര്യാപ്തമായേക്കില്ലെങ്കിലും ജോണിയുടെ പ്രതികരണം അത്യന്തം തീക്ഷ്ണവും സ്വാഭാവികവുമാണ്.

പുസ്തകപരിചയം

# 'അഭിഷിക്തൻ'


ബൈബിളിന്റെ പൂർവ്വഭാഗമായ പഴയനിയമം ഉത്തരഭാഗമായ പുതിയ നിയമത്തിന്റെ പൂർത്തീകരണവും സാധൂകരണവും ദൃഷ്ടാന്തസൂചകവുമായ പരാമർശങ്ങൾകൊണ്ടു സമൃദ്ധവും സമ്പന്നവുമാണ്. യേശുനാഥന്റെ ഭൂലോകാഗമനത്തിന്റെയും സഹനത്തിന്റെയും ഉത്ഥാനത്തിന്റെയും സുവ്യക്തവും സുതാര്യവുമായ സൂചനകൾ പഴയനിയമം അവതരിപ്പിക്കുന്നുണ്ട്. ധീരയോദ്ധാക്കളുടെയും വീരനായകന്മാരുടെയും വിശിഷ്ട കഥകളുടെ ചരിത്രസമ്പുടമാണ് പഴയനിയമം.



വി.പി.ജോൺസ്

യഹോവയാൽ അഭിഷിക്തനായ സാവൂൾ, പക്ഷേ ദൈവേച്ഛ യഥാർഹം ഗ്രഹിക്കാനാകാതെ ഭൗതിക കൗതുകങ്ങളിൽ ആകൃഷ്ടനായതിന്റെ പരിണതഫലമായി ദൈവത്താൽ തിരസ്കൃതനാകുന്നതിന്റെ ഭാഷാവിഷ്കാരമാണ് 'അഭിഷിക്തൻ' എന്ന നോവലിലൂടെ ചിത്രീകരിക്കപ്പെടുന്നത്. സർവ്വസന്തോഷത്തിന്റെയും പരമമായ സാഫല്യം കൈവരിക്കാനാഗ്രഹിക്കുന്നവർ ദൈവഹിതത്തിനു കീഴ്‌വഴങ്ങുകയും അനുസരണം പ്രകടിപ്പിക്കുകയും ചെയ്യണമെന്ന സന്ദേശം സാവൂളിന്റെ ജീവിതത്തിലൂടെ സമസ്തലോകത്തിനും സുവിദിതം ഗ്രഹിക്കാം.

ബലികളേക്കാൾ കർത്താവിനു പ്രിയങ്കരം അനുസരണമാണെന്ന പ്രബോധനം ഈ ദൃഷ്ടാന്തത്തിലൂടെ വെളിപ്പെടുന്നു.





പുതിയ നിയമത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയുള്ള സ്വാഭാവിക പശ്ചാത്തലമായ പഴയ നിയമം പ്രൗഢവും ദിവ്യവുമായ ആശയങ്ങളുടെ അക്ഷയഖനിയാണ്. സർവ്വകാലാതീതവും സാർവ്വ ലൗകികവുമായ ഉപദേശനിർദ്ദേശങ്ങളുടെ ഉത്തമോദാഹരണങ്ങളുടെ വിശുദ്ധ ഭൂമികയായ പഴയ നിയമം മനോരഞ്ജകങ്ങളായ വാങ്മയങ്ങളുടെ ഉജ്ജ്വലവും ശ്രേഷ്ഠവും ദിവ്യവുമായ കലവറയത്രെ.

സ്നേഹവിചാരങ്ങളും ഉദാത്താശയങ്ങളും കൊണ്ടു സാരസമ്പന്നമായ ഈ ഭൂമികയിലെ സാവൂൾ രാജാവിനെക്കുറിച്ച് പ്രതിപാദിക്കുന്ന 'അഭിഷിക്തൻ', വ്യത്യസ്ത തലത്തിൽ അനുവാചകനോടു സംവദിക്കുന്നു.

## പുസ്തകപരിചയം




ശ്രീരഞ്ജിനി എൽ.








ശ്രീരഞ്ജിനിയുടെ പ്രകാശിതമായ നാല് പുസ്തകങ്ങളിൽ കൂടി കടന്നുപോകുമ്പോൾ കണ്ടെത്തുക, ഒരേ സമയം പല മേഖലകളിൽ വ്യാപരിക്കുന്ന ഒരാളെയാണ്. പഠിച്ചത് സംഗീതം. എഴുതിയത് കവിതകളും നോവലും കുത്തിയോട്ടപ്പാട്ടുകളും. സാഹിത്യത്തിൽ സ്പെഷലൈസേഷന്റെ ആവശ്യമില്ലെന്ന് ദ്യോതിപ്പിക്കുന്നവയാണ് ഈ പുസ്തകങ്ങൾ. കഥ മാത്രം എഴുതിയിട്ടുള്ളവരും നോവലിൽ സ്പെഷലൈസ് ചെയ്യുന്നവരും കവിത വിട്ടൊരു ലോകമേ അറിയാത്തവരും മലയാള പ്രതിഭകളിൽ ഉണ്ടല്ലോ. ഇതിലൂടെയെല്ലാം കടന്ന് സ്വത്വവികാസം നടത്തുന്ന ശ്രീരഞ്ജിനിയുടെ രചനകൾ ശ്രദ്ധാർഹങ്ങളാണ്. അമൃതവർഷിണി എന്ന ലഘുനോവൽ, താരാട്ട്, പമ്പ എന്നീ കവിതാ സമാഹാരങ്ങൾ, ദേവീപ്രഭാവം കുത്തിയോട്ടപ്പാട്ടുകൾ എന്നിവയാണ് ശ്രീരഞ്ജിനിയുടെ കൃതികൾ.



# എഴുത്തും കുത്തും





**സാഹിത്യമാസികകളിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ വിലയിരുത്തുന്ന പംക്തിയാണ് എഴുത്തും കുത്തും. വാരികകളിലും ദ്വൈവാരികകളിലും പ്രകാശിതമാകുന്ന രചനകൾ ഇവിടെ ഉൾപ്പെടുത്തുന്നില്ല. പ്രചാരം വർധിപ്പിക്കുന്നതിനും നിലനിൽപ്പിനും പ്രയാസപ്പെടുന്നവയാണ് മാസികകളിൽ അധികവും. ശ്രദ്ധിക്കപ്പെടേണ്ടുന്ന രചനകൾ ഈ മാസികകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതേക്കുറിച്ചുള്ള സൂചനകൾ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം.**

**സി. ആർ. രാജൻ**

പ്രഭാതസവാരിക്കിടെ രാജ്യത്തലവൻ കടൽത്തീരത്ത് മാലിന്യങ്ങൾ പെറുക്കുന്നത് ഇന്ത്യൻ മാധ്യമങ്ങൾ ആഘോഷിച്ച ചിത്രമാണ്. അതിലൂടെ നൽകുന്ന സന്ദേശം മഹത്തരം തന്നെ. പക്ഷേ, ആ ചിത്രങ്ങൾ ആവർത്തിച്ചു കാണിക്കുക വഴി, ജനമനസുകളിൽ ബിംബാരാധനയ്ക്ക് കളമൊരുക്കുന്ന ബോധപൂർവ്വമായ ഇടപെടൽ മാധ്യമങ്ങൾ നടത്തിയെന്നത് വിസ്മരിക്കാൻ സാധിക്കില്ല.

ഭരണഘടനാ സ്ഥാപനങ്ങളെ വിറപ്പിക്കുകയും മാധ്യമങ്ങളെ വരുതിക്കു നിറുത്തുകയും ചെയ്യുന്ന രാഷ്ട്രത്തലവന്മാർ തമ്മിൽ നടത്തുന്ന കൂടിക്കാഴ്ചകളും ഇങ്ങനെ കാർണിവൽ സ്വഭാവത്തോടെ അവതരിപ്പിക്കപ്പെടുന്നുണ്ട്. നേതാക്കളുടെ ഉല്ലാസഭരിതമായ ദൃശ്യങ്ങൾ ആവർത്തിച്ചു കാണിക്കുക വഴി, സാമ്പത്തിക മാന്ദ്യം ഉൾപ്പെടെയുള്ള കാതലായ വിഷയങ്ങളിൽനിന്നും ജനത്തെ ബോധപൂർവ്വം അകറ്റുന്നു. കാർണിവൽ സ്വഭാവമുള്ള വാർത്തകൾക്കിടയിൽ, യഥാർത്ഥ പ്രശ്നങ്ങൾ മാധ്യമങ്ങളുടെ മുഖ്യധാരയിൽനിന്നും അപ്രത്യക്ഷമാകുന്നു.

വിവിധ മാർഗങ്ങളിലൂടെ മാധ്യമങ്ങളെ ചൊൽപ്പടിയിൽ നിറുത്തിയും സ്വയം സെൻസറിംഗിന് നിർബന്ധിതരാക്കിയും കുഴലൂത്തുകാരാക്കുന്നതിനുള്ള ശ്രമങ്ങൾ ഭരണകൂടം നടപ്പാക്കുന്നത് ഇക്കാലത്ത് രഹസ്യമല്ല. ഇതേക്കുറിച്ചുള്ള ഒരു ലേഖനം പുതിയലക്കം എഴുത്ത് മാസികയിലുണ്ട്. ഭയം കൊണ്ട് മുറിവേറ്റ മാധ്യമങ്ങളെക്കുറിച്ച് ടി.കെ.സന്തോഷ്കുമാറാണ് എഴുതിയിരിക്കുന്നത്.

മാധ്യമ ധാർമികതയെ ഫോക്കസ് ചെയ്തിട്ടുള്ളതാണ് എഴുത്ത് മാസികയുടെ നവംബർ ലക്കം. ഹരിയാനയിലെ ജിൻഡാൽ ഗ്ലോബൽ യൂണിവേഴ്സിറ്റി പ്രഫസർ ശിവവിശ്വനാഥനുമായുള്ള അഭിമുഖവും മാധ്യമങ്ങളുടെ ഇന്നത്തെ സ്ഥിതിയും ധാർമിക പ്രതിബദ്ധതയും സംബന്ധിച്ച് സി.ആർ.നീലകണ്ഠന്റെ പ്രൗഢലേഖനവും ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് വായനക്കാരനെ നയിക്കാൻ പോന്നവയാണ്.

സാംസ്കാരിക ദേശീയതയെ കുറിച്ച് കെ.പി.രാമനുണ്ണിയുമായി യാസിർ ആമീൻ നടത്തിയ അഭിമുഖം, ശ്രദ്ധേയമായ ചില സാമുദായിക സാഹചര്യങ്ങൾ വിശകലനം ചെയ്യുന്നുണ്ട്. നിഷി ജോർജ്, ഇ.സി. സുരേഷ്, രാജൻ കൈലാസ്, അമ്മു ദീപ, ഡോ. ശബ്ന എസ്, രാധാകൃഷ്ണൻ ഇളയിടത്ത് എന്നിവരുടെ കവിതകൾ ഈ ലക്കത്തിലുണ്ട്. കെ.പി.ഉണ്ണിയും ഡോ. എ.ഷാജഹാനും കഥകൾ എഴുതിയിരിക്കുന്നു.

വ്യത്യസ്ത വിഷയങ്ങളിൽ ഫോക്കസ് കൊടുത്ത് പ്രസിദ്ധീകരിക്കപ്പെടുന്ന എഴുത്ത് മാസിക, സാംസ്കാരിക മലയാളത്തിന് പുതിയ വായനാനുഭവം പകരുന്നുണ്ട്.



അബി അഹമ്മദ്



കെ.പി.രാമനുണ്ണി



സി.ആർ.നീലകണ്ഠൻ



രാജേശ്വരി തുളസി

## ബോൺസായ്

എറണാകുളത്തുനിന്നും പ്രസിദ്ധീകരിക്കുന്ന 'സഹകാര്യം' മാസികയിൽ ഈ പേരിലൊരു കവിതയുണ്ട്. ആശകളെ ചട്ടിയിലാക്കിയ കുടിലകൗതുകത്തിന്റെ ഇരയായി നാമ്പടഞ്ഞ് തന്നിലേക്ക് ചുരുക്കി ചുരുണ്ടുപോയ നിസഹായതയത്രേ ബോൺസായ്. അതിരുകൾക്കകത്ത് സ്വപ്നങ്ങളെയും മോഹങ്ങളെയും ബലികൊടുത്ത് ജീവിച്ചുപോകുന്ന, സ്ത്രീകളിലെ ബലഹീനരിലേക്ക് കണ്ണു ചെല്ലും വിധമായിട്ടുണ്ട് രാജേശ്വരി തുളസിയുടെ രചന.

## എത്യോപ്യയിലെ അത്ഭുതം

യുദ്ധത്തിൽനിന്നും സമാധാനത്തിലേക്കും പട്ടിണിയിൽനിന്നും വികസനക്കുതിപ്പിലേക്കും അടിയന്തരാവസ്ഥയിൽ നിന്നും പൗരാവകാശങ്ങളിലേക്കും ഒരു ജനതയെ കുറഞ്ഞ സമയംകൊണ്ട് ഓടിച്ചെത്തിച്ച പ്രതിഭക്കാണ് ഈ വർഷം സമാധാനത്തിനുള്ള നൊബേൽ സമ്മാനിച്ചത്. പുരസ്കാര ജേതാവായ, എത്യോപ്യ എന്ന ആഫ്രിക്കൻ രാജ്യത്തിന്റെ പ്രധാനമന്ത്രി അബി അഹമ്മദിനെ കുറിച്ചും അദ്ദേഹം നടപ്പാക്കിയ പരിവർത്തനപരിപാടികളെ കുറിച്ചും ഒരു ലേഖനം ഗോകുലം ശ്രീ മാസികയിലുണ്ട്. സന്തോഷ്കുമാറാണ് ലേഖകൻ. ദാരിദ്ര്യമകറ്റുന്നത് അസാധ്യമല്ല എന്ന പാഠമാണ് പുതിയ എത്യോപ്യ നമുക്ക് മുന്നിൽ തുറന്നിടുന്നത്.

മഹാത്മജിയുടെ 150-ാം ജയന്തിയോടനുബന്ധിച്ച് ഡോ. ഫസൽ ഗഫൂർ രചന നിർവഹിച്ച ഒരു ലേഖനവും ഗോകുലത്തിലുണ്ട്. 'നവഭാരതത്തിൽ മഹാത്മജിയുടെ പ്രസക്തി' എന്ന് ടൈറ്റിൽ.

## ട്രാൻസ്ജെൻഡർ സ്പെഷൽ

മൂന്നാംലിംഗ മനുഷ്യരുടെ അസ്തിത്വം സമൂഹം അംഗീകരിച്ചുകഴിഞ്ഞു. കോടതി വിധികൾ അനുകൂലമായതോടെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഈ വിഭാഗത്തിന് ലഭ്യമായിട്ടുണ്ട്. സർക്കാർ തലത്തിലും ട്രാൻസ്ജെൻഡർ ക്ഷേമം മുൻനിറുത്തിയുള്ള നടപടികൾ തുടരുന്നു. ഈ പശ്ചാത്തലത്തിൽ, മൂന്നാംലിംഗ മനുഷ്യരുടെ ഭൂതകാല വർത്തമാനങ്ങളും പൊരുതി നേടിയ ജീവിതാന്തസും ഫോക്കസ് കൊടുത്ത് ഗോകുലം ശ്രീ മാസിക പുതിയ ലക്കത്തിൽ ഫീച്ചർ ചെയ്തിട്ടുണ്ട്.

ജന്മനാ ഇങ്ങനെ ആയവരും വളർച്ചയുടെ ഏതോ ഘട്ടത്തിൽ സ്വന്തം താൽപര്യത്താൽ ലിംഗമാറ്റം നടത്തിയവരും ഇവർക്കിടയിലുണ്ട്. ട്രാൻസ്ജെൻഡർ ആണ് താനെന്ന് തലയുയർത്തി പറഞ്ഞ്, കഠിന പ്രയത്നത്താൽ പേരും പെരുമയും സമ്പത്തും നേടികഴിഞ്ഞവർ, പട്ടിണിയുടെ പോയകാലം ഇന്നും ഓർത്തുവെക്കുന്നുണ്ട്.

## അഞ്ജലി അമീർ

പേരൻപ് സിനിമയിൽ നായികാവേഷം ചെയ്തു. തുടർന്ന് തെന്നിന്ത്യൻ സിനിമയിൽ സജീവ സാന്നിധ്യമായി. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജിലെ ഡിഗ്രി വിദ്യാർഥിനിയായ അഞ്ജലി പഠനത്തിലും മികവ് പുലർത്തി. കോഴിക്കോട് താമരശേരി ചെമ്പാഴയിൽ അമീറിന്റെയും ജമീലയുടെയും മകൻ ജംഷീറാണ്, ലിംഗമാറ്റ ശസ്ത്രക്രിയവഴി അഞ്ജലിയായി മാറിയത്. അഞ്ജലിയുടെ ജീവിതകഥ സിനിമയാകുന്നു എന്നതാണ് പുതിയ വാർത്ത. സിനിമാ ചിത്രീകരണം ആരംഭിച്ചുകഴിഞ്ഞു.


രഞ്ജു രഞ്ജിമാർ


ആദം ഹാരി


അഞ്ജലി അമീർ

## ആദം ഹാരി

ഇന്ത്യയിൽ ആദ്യമായി പ്രൈവറ്റ് പൈലറ്റ് ലൈസൻസ് ലഭിച്ച ട്രാൻസ്ജെൻഡറാണ് ആദം ഹാരി. കൊമേഴ്സ്യൽ പൈലറ്റ് ട്രെയിനിംഗിനു കാത്തിരിക്കുന്ന ആദം ഹാരി, തൃശൂരിലെ കാട്ടൂർ സ്വദേശിയാണ്.

## രഞ്ജു രഞ്ജിമാർ

മേക്കപ്പ് ആർട്ടിസ്റ്റായ രഞ്ജു രഞ്ജിമാർ സെലിബ്രിറ്റികൾക്ക് പ്രിയങ്കരിയാണ്. മലയാള സിനിമയിൽ മാത്രമല്ല, ബോളിവുഡിലും സ്വസ്ഥാനം ഇവർ ഉറപ്പിച്ചുകഴിഞ്ഞു. രണ്ടു രൂപയുടെ സോഡ മാത്രം കുടിച്ച് ദിവസങ്ങൾ തള്ളിനീക്കിയ കഥയുണ്ട് രഞ്ജുവിന്. ഡോറ ബ്യൂട്ടി വേൾഡ് എന്ന മൾട്ടി നാഷണൽ മേക്കപ്പ് സ്റ്റുഡിയോയുടെ മാനേജിംഗ് ഡയറക്ടറും മറ്റൊരു മൾട്ടിനാഷണൽ കമ്പനിയുടെ അംബാസഡറുമാണ് രഞ്ജു ഇന്ന്. എം.ടി.സനിതയും ജോൺ ക്രിസ്റ്റിയും കെ.എസ്.സൗമ്യയുമാണ് ഇവരുടെ കഥ ഗോകുലം ശ്രീയിൽ പങ്കുവെച്ചത്.

'ഇവർക്കും ജീവിക്കാൻ അവകാശമുണ്ട്' എന്ന ടൈറ്റിലിൽ ട്രാൻസ്ജെൻഡർ ജീവിതാവകാശങ്ങൾ വിവരിക്കുന്ന ലേഖനം മാസികയിൽ ഉൾപ്പെടുത്തിയത് ഉചിതമായി. ഡോ. സി.ജെ.ജോൺ ആണ് ലേഖകൻ.